സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 15 വെള്ളി
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


## ധാരണയിൽ ഒരു മാറ്റവും ഇല്ല; ഗണേഷ് കുമാറിനെ ഒഴിവാക്കേണ്ട സാഹചര്യമില്ല; ഇപി ജയരാജൻ

തിരുവനന്തപുരം: മന്ത്രിസ്ഥാനം പാർട്ടികൾ പങ്കിടണമെന്ന ധാരണയിൽ മാറ്റമില്ലെന്ന് എൽഡിഎഫ് കൺവീനർ ഇപി ജയരാജൻ. കെബി ഗണേഷ് കുമാറിനെ മന്ത്രിയാക്കേണ്ടാത്ത സാഹചര്യമില്ല. സ്പീക്കർ പദവിയിൽ മാറ്റമുണ്ടാകുമെന്നത് അടിസ്ഥാനരഹിതമായ വാർത്തയാണെന്നും ഇപി ജയരാജൻ മാധ്യമങ്ങളോട് പറഞ്ഞു. എൽഡിഎഫിൽ എല്ലാപാർട്ടികൾക്കും പങ്കാളിത്തമുള്ള ഒരു ഭരണസംവിധാനമാണ്. നിയമസഭയൽ ഒരു അംഗം മാത്രമാണ് ഉള്ളതെങ്കിൽ കൂടി അവരെക്കൂടി പരിഗണിച്ചാണ് മന്ത്രിസഭ രൂപീകരിച്ചത്. എല്ലാ പാർട്ടികൾക്കും അഞ്ച് വർഷം മന്ത്രിസ്ഥാനം കൊടുക്കുകയെന്നത് പറ്റാത്ത സാഹചര്യത്തിലാണ് നാല് പാർട്ടികൾക്ക് പകുതി സമയം നൽകാൻ തീരുമാനിച്ചത്. ഇക്കാര്യം എൽഡിഎഫ് പരസ്യമായി പറഞ്ഞതുമാണ്. ആ ഒരു ധാരണയിലാണ് എൽഡിഎഫ് പ്രവർത്തിക്കുന്നത്. ആ ധാരണയ്ക്ക് ഒരുമാറ്റവും ഉണ്ടായിട്ടില്ല.ഗണേഷ് കുമാർ ഒരു മന്ത്രിയാകാതിരിക്കത്തക്കനിലയിലുള്ള പ്രശ്നങ്ങളൊന്നും ഞങ്ങളുടെ മുന്നിൽ ഇല്ല. നിയമസഭയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം മുഖവിലയ്ക്ക് എടുത്ത് നിലപാട് സ്വീകരിക്കാൻ കഴിയുമോ?. ആരെ കുറിച്ചൊക്കെ എന്തൊക്കെ കാര്യങ്ങളാണ് പറയുന്നത്. ഓരോ ഘടകകപാർട്ടികൾക്കും എൽഡിഎഫിൽ തുല്യപ്രാധാന്യമുണ്ട്. എല്ലാവരും ആലോചിച്ചുമാത്രമെ മുന്നോട്ടുപോകൂ.രണ്ടരവർഷം പൂർത്തിയാകാൻ ഇനിയുമുണ്ടല്ലോ ദിവസങ്ങളെന്നും ജയരാജൻ പറഞ്ഞു.

മന്ത്രിസഭ പുനഃസംഘടനയെ പറ്റി മറ്റ് ആലോചനകൾ ഇല്ല. സ്പീക്കർ പദവിയിൽ മാറ്റമുണ്ടാവുമെന്ന് പറയുന്നത് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ്. ഷംസീർ സ്പീക്കറായിട്ട് ഒരുവർഷമേ ആയിട്ടുള്ളൂ. എവിടെ നിന്നാണ് ഇത്തരം അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഉയർന്ന നിലവാരമുള്ള മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. അല്ലെങ്കിൽ ഇന്നയാൾ വ്യക്തമാക്കിയെന്ന് പറയൂ. അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുന്നത് ശരിയായ മാധ്യമപ്രവർത്തനം ആയിട്ട് തോന്നുന്നില്ലെന്നും ജയരാജൻ പറഞ്ഞു.

# കോഴിക്കോട് വീണ്ടും നിപ; സ്ഥിരീകരിച്ചത് നിരീക്ഷണത്തിലുള്ള 39കാരന്

കോഴിക്കോട്: ആശ്വാസ വാർത്തകൾക്കിടെ കോഴിക്കോട് ഒരാൾക്ക് കൂടി നിപ വൈറസ് സ്ഥരീകരിച്ചു. ആശുപത്രിയിൽ നിരീക്ഷണത്തിലുള്ള 39 വയസുകാരനാണ് നിപ വൈറസ് സ്ഥിരീകരിച്ചത്. നിപ പോസിറ്റീവായ വ്യക്തികൾ മറ്റ് ചികിത്സകൾ തേടിയ സ്വകാര്യ ആശുപത്രിയിൽ ഇദ്ദേഹവും ചികിത്സ തേടിയിരുന്നു. ഇതോടെ ജില്ലയിൽ ആക്ടീവ് കേസുകൾ നാലായി. അതേ സമയം, കോഴിക്കോട്ടെ നിപ ബാധിത മേഖലകൾ കേന്ദ്ര സംഘം ഇന്ന് സന്ദർശിക്കും. സമ്പർക്ക പട്ടികയിലുള്ളവരുടെ എണ്ണം 950 ആയി. മന്ത്രിമാരുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം. അതേസമയം, ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളെയും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. നിപയുടെ പശ്ചാത്തലത്തിൽ ഇന്ന് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേരും. രാവിലെ പത്തിന് നടക്കുന്ന യോഗത്തിൽ വീണാ ജോർജ്, മുഹമ്മദ് റിയാസ്, അഹമ്മദ് ദേവർ കോവിൽ, എ.കെ ശശീന്ദ്രൻ എന്നിവർ സ്ഥിതിഗതികൾ വിലയിരുത്തും. ജില്ലയിലെ എംപിമാർ, എംഎൽഎമാർ എന്നിവരും പങ്കെടുക്കും. 11 മണിക്ക് പ്രശ്ന ബാധിത പഞ്ചായത്തുകളിലെ പ്രതിനിധികളുമായി മന്ത്രി മുഹമ്മദ് റിയാസിൻറെ നേതൃത്വത്തിൽ അവലോകന യോഗവും ചേരും. 30 പേരുടെ സ്രവം കൂടി പരിശോധനക്കയച്ചു. കോഴിക്കോട് തുടരുന്ന കേന്ദ്രസംഘം ഇന്ന് രോഗ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചേക്കും. ഞഏഇആയുടെ മൊബൈൽ സംഘവും ഇന്ന് കോഴിക്കോടെത്തും. നിപ സാന്നിധ്യത്തെ തുടർന്ന് പരിശോധനയ്ക്ക് അയച്ച 11 സാമ്പിളുകൾ കൂടി നെഗറ്റീവാണെന്ന് സ്ഥിരീകരിച്ചു. ഇന്നലെ വൈകിട്ടാണ് പരിശോധനാ ഫലം വന്നത്. ഇതിനിടയിലാണ് ഒരാൾ കൂടി നിപ പോസിറ്റീവാകുന്നത്.

## കരുവന്നൂർ: മുഖ്യപ്രതിക്കുവേണ്ടി മൊയ്തീൻ ഇടപെട്ടെന്ന് സാക്ഷി, ശൈലജയ്ക്കും ഇപിയ്ക്കുമെതിരെ ആരോപണം




തൃശ്ശൂർ: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുക്കേസിൽ മുൻമന്ത്രിയും സി.പി.എം. സംസ്ഥാന സമിതി അംഗവുമായി എ.സി. മൊയ്തീനെതിരെ ഗുരുതര ആരോപണവുമായി കേസിലെ മുഖ്യസാക്ഷി ജിജോർ കെ.എ. കരുവന്നൂർ ബാങ്കിൽ സതീഷ് കുമാറിന് വേണ്ടി ഇടപെട്ടത് മൊയ്തീനാണെന്ന് ജിജോർ പറഞ്ഞു. കള്ളപ്പണം വെളുപ്പിക്കാനുള്ള ഇടമായിരുന്നു കരുവന്നൂർ ബാങ്ക്. ഇ.പി. ജയരാജനും കെ.കെ. ശൈലജയും തൃശ്ശൂരിൽ എത്തുമ്പോൾ സതീഷുമായി കൂടിക്കാഴ്ച നടത്താറുണ്ടായിരുന്നുവെന്നും ജിജോർ ആരോപിച്ചു.

കേസിലെ മുഖ്യപ്രതിയായ വെള്ളപ്പായ സതീശന്റെ ഇടനിലക്കാരനാണ് ജിജോർ. കരുവന്നൂരിലേയും മറ്റ് സഹകരണബാങ്കുകളിലേയും ഇടപാടുൾ സതീശൻ നടത്തിയിരുന്നത് ജിജോർ മുഖേനയായിരുന്നു. ജില്ലയിലെ സി.പി.എം. നിയന്ത്രണത്തിലുള്ള ബാങ്കുകളിലെ നിർണായക ഇടപാടുകളെക്കുറിച്ച് എ.സി. മൊയ്തീൻ ഉൾപ്പെടെ ഉള്ളവർക്ക് അറിയാമായിരുന്നു. ഇവരുടേത് ഉൾപ്പെടെ ബിനാമി ഇടപാടുകൾ നടന്നിട്ടുണ്ടെന്നും ജിജോർ ആരോപിക്കുന്നു.2014 മുതൽ കരുവന്നൂർ സഹകരണബാങ്കുമായി ബന്ധപ്പെട്ട് തട്ടിപ്പു നടക്കുന്നുവെന്ന് എ.സി. മൊയ്തീന് അറിയാമായിരുന്നു. മൊയ്തീന് പുറമേ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ അനൂപ് ഡേവിസ് കാട വഴിയാണ് സതീഷ് മൊയ്തീനുമായി ബന്ധം സ്ഥാപിക്കുന്നത്. പിന്നീടുള്ള ഇടപാടുകൾ മൊയ്തീനും സതീഷുമുൾപ്പെടെയുള്ളവർ ചേർന്ന് നടത്തി. റിട്ടയേഡ് ഡിവൈ.എസ്.പിമാർക്കും ഇടപാടിൽ പങ്കുണ്ടെന്നും ജിജോർ പറയുന്നു.

## കുതിപ്പ് തുടർന്ന് ആദിത്യ എൽ വൺ; നാലാം ഭ്രമണപഥ ഉയർത്തലും വിജയകരം

ബംഗലൂരു: സൗര രഹസ്യങ്ങൾ തേടിയുള്ള ഐഎസ്ആർഒ ദൗത്യം ആദിത്യ എൽ വൺ വിജയക്കുതിപ്പ് തുടരുന്നു. നാലാം ഘട്ട ഭ്രമണപഥ മാറ്റവും വിജയകരമായതായി ഐഎസ്ആർഒ അറിയിച്ചു. പുലർച്ചെ രണ്ടുമണിയോടെയാണ് നാലാം ഭ്രമണപഥം ഉയർത്തൽ നടന്നത്. ഭൂമിക്കു ചുറ്റുമുള്ള അവസാന ഭ്രമണപഥ ഉയർത്തലാണ് പൂർത്തിയാക്കിയത്.

ഭൂമിയിൽ നിന്ന് 256 കിലോമീറ്റർ അടുത്ത ദൂരവും 1,21,973 കിലോമീറ്റർ അകന്ന ദൂരവുമായിട്ടുള്ള ഭ്രമണപഥത്തിലാണ് പേടകം ഇപ്പോഴുള്ളത്. ദീർഘവൃത്താകൃതിയിലുള്ളതാണ് പുതിയ ഭ്രമണപഥം. അടുത്ത ഘട്ടം ട്രാൻസ്- ലെഗ്രാഞ്ചിയൻ പോയിന്റ് 1 ഇൻസെർഷൻ സെപ്റ്റംബർ 19 ന് നടക്കും. ഇതോടെയാകും ആദിത്യ എൽവൺ ഭൂമിക്ക് ചുറ്റുമുള്ള ഭ്രമണപഥത്തിൽ നിന്നും പുറത്തു കടക്കുക. ഭൂമിയിൽനിന്ന് 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ലഗ്രാഞ്ച് പോയിന്റ് ഒന്നിൽ നിന്നാണ് പേടകം സൂര്യനെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുക. സൂര്യന്റേയും ഭൂമിയുടേയും ഗുരുത്വാകർഷണ പരിധിയിൽപെടാത്ത മേഖലയാണിത്.അത്യാധുനികമായ ഏഴ് പരീക്ഷണ ഉപകരണങ്ങളാണ് ആദിത്യയിലുള്ളത്.സൂര്യനിലെ കാലാവസ്ഥ, വിവിധ മണ്ഡലങ്ങൾ, സൗരവാതങ്ങളും അവയുടെ രൂപീകരണവും കൊറോണൽ മാസ് ഇജക്ഷൻ, സൗരജ്വാലകളുടെ സ്വഭാവവും സഞ്ചാരവും തുടങ്ങിയവയെല്ലാം ഇവ പഠിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും സെപ്റ്റംബർ രണ്ടിനാണ് ആദിത്യ എൽ വൺ വിക്ഷേപിച്ചത്.

## വായ്പാ സംഘങ്ങളുടെ ഭാരവാഹിത്വം തുടർച്ചയായി മൂന്ന് തവണ മാത്രം; സഹകരണ ഭേദഗതി നിയമം പാസാക്കി

തിരുവനന്തപുരം: കേരള സഹകരണ സംഘം മൂന്നാം ഭേദഗതി ബിൽ നിയമസഭ പാസാക്കി.

തുടർച്ചയായി മൂന്ന് തവണയിലധികം വായ്പാ സംഘങ്ങളുടെ ഭരണസമിതിയംഗമായി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല, യുവാക്കൾക്ക് ഭരണസമിതിയിൽ സംവരണം, ആധുനീകരണത്തിനായി ഏകീകൃത സോഫ്റ്റ്വെയർ, ഭരണസമിതിയിൽ വിദഗ്ധ അംഗങ്ങൾ തുടങ്ങി സഹകരണ മേഖലയിലെ എല്ലാ വശങ്ങളെയും പുതിയ കാലഘട്ടത്തിന് ഉതകുന്ന രീതിയിൽ പരിഗണിക്കുന്ന ബില്ലാണ് അവതരിപ്പിച്ചത്.

സഹകരണ ഭേദഗതി നിയമം സെലക്ട് കമ്മിറ്റിക്ക് സമർപ്പിച്ചതിനെ തുടർന്ന് കമ്മിറ്റി 14 ജില്ലകളിലും തെളിവെടുപ്പ് നടത്തിയിരുന്നു. അതനുസരിച്ച് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സംഘങ്ങളുടെ സ്വയംഭരണ അധികാരത്തിനും ജനാധിപത്യപരമായ പ്രവർത്തനത്തിനും എതിരാണെന്ന അഭിപ്രായം വന്നിരുന്നു. ഇതെല്ലാം പരിഗണിച്ച് ആവശ്യമായ മാറ്റങ്ങളോടെയാണ് സഹകരണ മന്ത്രി വിഎൻ വാസവൻ ബിൽ അവതരിപ്പിച്ചത്.

സഹകരണ സംഘങ്ങളിൽ ഒരേ വ്യക്തികൾ ദീർഘകാലം ഭാരവാഹികളായി തുടരുന്ന സാഹചര്യമുണ്ട്. ശ്രദ്ധയിൽ വന്ന പല ക്രമക്കേടുകളും ദീർഘകാലങ്ങളായി ഒരേ വ്യക്തികൾ ഭാരവാഹികളായി തുടരുന്ന സംഘങ്ങളിലാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് തുടർച്ചയായി ഭരണസമിതി അംഗമാകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത്. സംഘങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമനത്തിനുണ്ടായിരുന്ന മൂന്നു ശതമാനം സംവരണം നാലാക്കി. പ്രവർത്തനങ്ങൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി പൊതു സോഫ്റ്റ്വെയർ ഏർപ്പെടുത്തി. പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ടീം ഓഡിറ്റ് സംവിധാനവും ബില്ലിലുണ്ട്. സംഘം ഭരണസമിതിയെ സസ്പെൻഡ് ചെയ്യാനുള്ള ഭേദഗതി നിയമത്തിലെ വ്യവസ്ഥ ദുരുപയോഗം ചെയ്യാനുള്ള സാധ്യത പരിഗണിച്ച് അക്കാര്യം ഒഴിവാക്കി.

ഇനിമുതൽ എല്ലാ വിഭാഗം സഹകരണ സംഘങ്ങളിലെയും ജൂനിയർ ക്ലർക്ക് മുതലുള്ള നിയമനം പരീക്ഷാ ബോർഡ് നടത്തും. യുവജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം സഹകരണ സംഘങ്ങൾക്കായി പുനരുദ്ധാരണ നിധിയും ബില്ലിൽ ഏർപ്പെടുത്തി.

## ചൈനീസ് മൈക്ക് പൊട്ടിത്തെറിച്ച് ആറു വയസുകാരിക്ക് പരുക്ക്

പാലക്കാട്: കല്ലടിക്കോട്ട് ചൈനീസ് മൈക്ക് പൊട്ടിത്തെറിച്ച് ആറ് വയസുകാരിക്ക് പരിക്ക്.

കല്ലടിക്കോട് സ്വദേശി ഫിറോസ് ബാബുവിന്റെ മകളുടെ കയ്യിൽ നിന്നാണ് മൈക്ക് പൊട്ടിത്തെറിച്ചത്. കുട്ടി പാടുന്ന ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്നതിനിടെയാണ് മൈക്ക് പൊട്ടിത്തെറിച്ചത്.

അതേസമയം, മൈക്ക് മുഖത്തിൽ നിന്നും അൽപം അകലെ പിടിച്ചാണ് കുട്ടി പാടിയിരുന്നത്. അതുകൊണ്ടാണ് വലിയ പരിക്കുകൾ ഏൽക്കാതെ രക്ഷപ്പെട്ടത്. ചുണ്ടിന്റെ ഭാഗത്ത് മാത്രമാണ് പരിക്കേറ്റിരിക്കുന്നത്. ഓൺലൈനിൽ നിന്നും 600 രൂപക്കാണ് മൈക്ക് വാങ്ങിയത്. മൈക്കിൻറെ കമ്പനി വ്യക്തമല്ലാത്തതിനാൽ പരാതി നൽകാൻ സാധിക്കില്ലെന്നാണ് കുടുംബം പറയുന്നത്.

## അലൻസിയറിൽ നിന്നുണ്ടായത് മനസിൽ അടിഞ്ഞു കൂടിയ പുരുഷാധിപത്യ ബോധത്തിന്റെ ബഹിസ്ഫുരണം – മന്ത്രി ആർ. ബിന്ദു

തിരുവനന്തപുരം: സംസ്ഥാന ചലച്ചിത്ര പുരസ്കാര വേദിയിൽ സ്ത്രീവിരുദ്ധ പരാമർശം നടത്തിയ നടൻ അലൻസിയറിനെ രൂക്ഷമായി വിമർശിച്ച് മന്ത്രി ആർ. ബിന്ദു.

അലൻസിയറിന്റെ പ്രതികരണം പുരുഷാധിപത്യ ബോധത്തിന്റെ ബഹിസ്ഫുരണമാണെന്ന് മന്ത്രി പ്രതികരിച്ചു. ഒരിക്കലും അത്തരം ഒരു വേദിയിൽ നടത്താൻ പാടില്ലാത്ത പരാമർശമാണതെന്നും ആർ. ബിന്ദു ചൂണ്ടിക്കാട്ടി.'അത്തരമൊരു പ്രതികരണം നിർഭാഗ്യകരമായിപ്പോയി.

അതുപോലൊരു വേദിയിൽ വച്ച് അത്തരമൊരു പരാമർശം ഉണ്ടാകാൻ പാടില്ലായിരുന്നു. ഇത്തരം മനസുകളിൽ അടിഞ്ഞു കൂടി കിടക്കുന്ന പുരുഷാധിപത്യ ബോധത്തിന്റെ ബഹിസ്ഫുരണമാണത്. അത് ഒഴിവാക്കേണ്ടതായിരുന്നു. നിരന്തര ബോധവത്കരണത്തിലൂടെ മാത്രമേ അതു മാറ്റിയെടുക്കാൻ സാധിക്കൂ' മന്ത്രി ആർ. ബിന്ദു വ്യക്തമാക്കി.

സംസ്ഥാന ചലച്ചിത്ര പുരസ്കാര വേദിയിലാണ് നടൻ അലൻസിയർ സ്ത്രീവിരുദ്ധ പരാമർശം നടത്തിയത്. ആൺകരുത്തുള്ള മുഖ്യമന്ത്രി ഭരിക്കുന്ന നാട്ടിൽ പെൺരൂപത്തിലുള്ള പ്രതിമ നൽകി അപമാനിക്കരുതെന്നാണ് അലൻസിയർ പറഞ്ഞത്.

സ്പെഷൽ ജൂറി പരാമർശത്തിന് സ്വർണം പൂശിയ പുരസ്കാരം നൽകണമെന്നും 25,000 രൂപ തന്ന് അപമാനിക്കരുതെന്നും അലൻസിയർ സാംസ്കാരിക മന്ത്രി സജി ചെറിയാനോടായി ആവശ്യപ്പെട്ടു.'അവാർഡ് വാങ്ങി വീട്ടിൽ പോകാനിരുന്നയാളാണ് ഞാൻ, നല്ല ഭാരമുണ്ടായിരുന്നു അവാർഡിന്, മുഖ്യമന്ത്രി ഉണ്ടായിരുന്നെങ്കിൽ പറയാമായിരുന്നു. സാംസ്കാരിക മന്ത്രിയുള്ളതുകൊണ്ട് പറയാം. സ്പെഷൽ ജൂറി അവാർഡാണ് ഞങ്ങൾക്ക് തന്നത്. നല്ല നടൻ എല്ലാവർക്കും കിട്ടും. സ്പെഷൽ കിട്ടുന്നവർക്ക് സ്വർണത്തിലെങ്കിലും ഇതു പൊതിഞ്ഞ് തരണം. എനിക്കും കുഞ്ചാക്കോ ബോബനും 25,000 രൂപ തന്ന് അപമാനിക്കരുത്. ഞങ്ങൾക്ക് പൈസ കൂട്ടണം.ഈ പെൺ പ്രതിമ തന്ന് ഞങ്ങളെ പ്രലോഭിപ്പിക്കരുത്. ഇനിയെങ്കിലും ആൺകരുത്തുള്ള മുഖ്യമന്ത്രി ഭരിക്കുന്നിടത്ത് ആൺകരുത്തുള്ള ശിൽപം വേണം.

ആൺകരുത്തുള്ള പ്രതിമ എന്ന് വാങ്ങുന്നോ അന്ന് ഞാൻ അഭിനയം നിർത്തും' എന്നായിരുന്നു അലൻസിയറുടെ പരാമർശം.

## സോളാർ വിവാദം: കോൺഗ്രസ് നിയമനടപടിയുമായി മുന്നോട്ട് പോകുമെന്ന് രമേഷ് ചെന്നിത്തല

തിരുവനന്തപുരം: സോളാർ വിവാദത്തിൽ യു.ഡി.എഫിലെ രണ്ടു ആഭ്യന്തര മന്ത്രിമാർ ഗൂഢാലോചന നടത്തിയെന്ന ദല്ലാൾ നന്ദകുമാറിന്റെ ആരോപണം തള്ളി രമേഷ് ചെന്നിത്തല. ദല്ലാൾ നന്ദകുമാറിന്റെ പ്രസ്താവന യാതൊരു മറുപടിയും അർഹിക്കുന്നില്ലെന്നും അങ്ങനെ ഒരു കാര്യം ഉണ്ടായിരുന്നെങ്കിൽ നന്ദകുമാർ സി.ബി.ഐയ്ക്ക് മുന്നിലായിരുന്നു പറയേണ്ടിയിരുന്നതെന്നും ചെന്നിത്തല പറഞ്ഞു.

അന്നത്തെ യു.ഡി.എഫ് സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള സി പി എം ഗൂഢാലോചന ആയിരുന്നു സോളാർ വിവാദം. ഇക്കാര്യത്തിൽ കോൺഗ്രസ് ഒറ്റക്കെട്ടാണ്. നിയമ നടപടിയുമായി കോൺഗ്രസ് മുന്നോട്ട് പോകും. സോളാർ കേസ് സിബി ഐ വിശദമായി അന്വേഷിച്ച് കഴിഞ്ഞതാണ്. ഇനി എന്താണ് അന്വേഷിക്കാനുള്ളതെന്നും ചെന്നിത്തല ചോദിച്ചു. സോളാർ കേസ് സി പി എമ്മിന്റെ ഒത്തുകളിയാണ്. വസ്തുതകൾ ജനങ്ങൾക്ക് ബോധ്യപ്പെട്ടതാണ് അദ്ദേഹം പറഞ്ഞു. തൊഴുത്ത് മാറ്റി ക്കെട്ടിയതുകൊണ്ട് ഒരു മാറ്റമുണ്ടാകില്ലെന്നും ജനങ്ങൾക്ക് ഈ സർക്കാരിന്റെ ഭരണം മടുത്തിരിക്കുന്നു എന്നും മന്ത്രിസഭ പുനഃസംഘടന വിഷയത്തെ കുറിച്ച് ചെന്നിത്തല പ്രതികരിച്ചു.

## ഗണേഷ് കുമാറും കടന്നപ്പള്ളിയും മന്ത്രിസഭയിലേക്ക്, വീണയെ മാറ്റും?; പുനസ്സംഘടനാ ചർച്ചകൾ സജീവം




തിരുവനന്തപുരം: പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽഡിഎഫ് സർക്കാർ രണ്ടര വർഷത്തോട് അടുക്കുന്നതോടെ മന്ത്രിസഭാ പുനസ്സംഘടനാ ചർച്ചകൾ സജീവമായി. മുൻ ധാരണ അനുസരിച്ച് കേരള കോൺഗ്രസിലെ ആന്റണി രാജുവും ഐഎൻഎല്ലിലെ അഹമ്മദ് ദേവർ കോവിലും രണ്ടര വർഷം പൂർത്തിയാവുന്നതോടെ മന്ത്രിസ്ഥാനം ഒഴിയണം. കേരള കോൺഗ്രസ് ബിയിലെ കെബി ഗണേഷ് കുമാറും കോൺഗ്രസ് എസിലെ രാമചന്ദ്രൻ കടന്നപ്പള്ളിയുമാണ് പകരം എത്തേണ്ടത്. ഇതിനൊപ്പം സിപിഎം മന്ത്രിമാരിലും മാറ്റം വരുത്തി സർക്കാർ മുഖംമിനുക്കാനൊരുങ്ങുന്നതായാണ് റിപ്പോർട്ടുകൾ.

ആന്റണി രാജുവും കെബി ഗണേഷ് കുമാറും രണ്ടര വർഷം ഗതാഗത വകുപ്പ് പങ്കിടുകയെന്നത് തുടക്കത്തിലേ ഉണ്ടാക്കിയ ധാരണയാണ്. തുറമുഖ വകുപ്പ് അഹമ്മദ് ദേവർ കോവിലും കടന്നപ്പള്ളിയും പങ്കിടാനും ധാരണയായിരുന്നു. എന്നാൽ ഗതാഗത വകുപ്പ് ഏറ്റെടുക്കാക്കുന്നതിൽ ഗണേഷ് കുമാർ സിപിഎം നേതൃത്വത്തെ വിമുഖത അറിയിച്ചെന്നാണ് സൂചന. ഈ സാഹചര്യത്തിൽ ഗതാഗത, വനം വകുപ്പുകൾ തമ്മിലുള്ള വച്ചുമാറ്റം സാധ്യമാവുമോയെന്ന് സിപിഎം ആലോചിക്കുന്നുണ്ട്. വനംമന്ത്രി എകെ ശശീന്ദ്രൻ ഇക്കാര്യത്തിൽ പച്ചക്കൊടി കാട്ടിയിട്ടില്ല. അതിനിടയിൽ തന്നെ സോളാർ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഗണേഷ് കുമാറിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ പ്രതിച്ഛായയെ ബാധിക്കുമെന്ന് ഒരു വിഭാഗം സിപിഎം നേതാക്കൾ ചൂണ്ടിക്കാട്ടുന്നുണ്ട്. അടുത്തയാഴ്ച ചേരുന്ന നേതൃയോഗങ്ങൾ ഇക്കാര്യം ചർച്ച ചെയ്യും.

ആരോഗ്യമന്ത്രി വീണാ ജോർജിന്റെ സ്ഥാന ചലനം സംബന്ധിച്ചും അഭ്യൂഹങ്ങൾ പ്രചരിക്കുന്നുണ്ട്. വീണയെ മന്ത്രിസ്ഥാനത്തുനിന്നു നീക്കി സ്പീക്കറാക്കുമെന്നാണ് വാർത്തകൾ. എന്നാൽ ഇത്തരം ചർച്ചയില്ലെന്ന് സിപിഎം നേതാക്കൾ പറയുന്നു. സ്പീക്കർ സ്ഥാനത്ത് എഎൻ ഷംസീർ തിളക്കമുള്ള പ്രകടനമാണ് നടത്തുന്നതെന്നാണ് പാർട്ടി വിലയിരുത്തൽ. ഈ സാഹചര്യത്തിൽ ഒരു മാറ്റം വേണ്ടതില്ലെന്നു നേതാക്കൾ പറയുന്നു. എംബി രാജേഷിനെ സ്പീക്കർ പദവിയിൽ നിന്നു മാറ്റിയാണ് മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത്. സമാന രീതിയിൽ ഷംസീറിനെ മന്ത്രിയാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ലെന്നാണ് അവർ വ്യക്തമാക്കുന്നത്.

മന്ത്രിസ്ഥാനത്ത് പുതുമുഖങ്ങളെ അവതരിപ്പിച്ച സിപിഐ മാറ്റത്തെക്കുറിച്ച് ആലോചിക്കുന്നില്ലെന്നാണ് റിപ്പോർട്ട്. സിപിഐ മന്ത്രിമാരുടെ പ്രകടനം ശരാശരിക്കും മുകളിലാണെന്നാണ് പാർട്ടി വിലയിരുത്തുന്നത്.

## കടലിൽ മുക്കിയ കപ്പലിൽ നിന്ന് തീരത്തടിഞ്ഞ് ലഹരി; ആൻഡമാനിൽ നശിപ്പിച്ചത് 100 കോടിയുടെ മയക്കുമരുന്ന്!



പോർട്ട് ബ്ലെയർ: ആൻഡമാനിൽ 100 കോടിരൂപയുടെ മാരക ലഹരിമരുന്ന് കേരളത്തിൽ നിന്നുള്ള കസ്റ്റം സ്പ്രിവൻറീവ് - എക്സൈസ് സംയുക്ത സംഘം പിടികൂടി നശിപ്പിച്ചു.

കടലോരത്ത് ബങ്കറിൽ സൂക്ഷിച്ച 50 കിലോ മെത്താംഫെറ്റമീൻ ആണ് പ്രാദേശിക സഹായത്തോടെ പിടികൂടിയത്. നാല് വർഷം മുൻപ മ്യാൻമർ ലഹരിമാഫിയ സംഘം കടലിൽ മുക്കിയ കപ്പലിലെ 4000 കിലോ ലഹരിമരുന്ന് ആൻഡമാൻ തീരത്തടിഞ്ഞിരുന്നുവെന്നാണ് കണ്ടെത്തൽ.

കഴിഞ്ഞ ജൂണിൽ 500 ഗ്രാം മെത്താംഫെറ്റമീനുമായി മൂന്ന് മലയാളികൾ മഞ്ചേരിയിൽ പിടിയിലായപ്പോഴാണ് മാരക ലഹരി വസ്തു എത്തുന്നത് ആൻഡമാൻ നിക്കോബാർ ദ്വീപിൽ നിന്നാണെന്ന് അന്വേഷണ സംഘത്തിന് മനസ്സിലായത്. തുടർന്ന് എക്സൈസ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം വിവരം കൊച്ചി കസ്റ്റംസ് പ്രിവന്റീവിന് കൈമാറിയാണ് സംയുക്ത ഓപ്പറേഷന് തീരുമാനിച്ചത്. കേരളത്തിൽ പിടിയിലായവർ നൽകിയ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് ആൻഡമാനിലെത്തി ആദിവാസി വിഭാഗത്തിലുള്ള യുവാവിനെ കസ്റ്റഡിയിലെടുത്തത്.ആൻഡമാനിലെ മലാക്കയിൽ കടലോരത്ത് ജപ്പാൻ സൈന്യം നേരത്തെ ഉപേക്ഷിച്ച ബങ്കറിൽ ഇയാൾ സൂക്ഷിച്ച 50 കിലോ മെത്താംഫെറ്റമീൻ സംയുക്ത സംഘം കണ്ടെത്തി. 2 കിലോയുടെ 25 പാക്കറ്റുകളിലായിരുന്നു ലഹരി മരുന്ന്. ബങ്കറിൽ വെള്ളം കയറിയതിനാൽ ഇത് പുറത്തെടുക്കാൻ കഴിഞ്ഞില്ല. തുർന്ന് സ്ഥലത്ത് തന്നെ നശിപ്പിച്ചു. പ്രദേശവാസികളുടെ കൈയ്യിൽ വ്യാപകമായി മയക്ക് മരുന്ന് ഉണ്ടെന്ന വിവരത്തെ തുടർന്ന് സംയുക്ത സംഘം ആൻഡമാൻ കളക്ടർ ഹരി കള്ളിക്കാട്ടിൻറെ സഹായത്തോടെ വിവിധ സ്ഥലങ്ങളിൽ ക്ലാസുകൾ നടത്തി. ഇതിന് പിന്നാലെ 2 കിലോയോളം മയക്ക് മരുന്ന് പ്രദേശവാസികൾ ജില്ലാ ഭരണകൂടത്തെ തിരിച്ചേൽപ്പിച്ചു.98 ശതമാനം പ്യൂരിറ്റിയുള്ളതാണ് പിടികൂടിയ ലഹരിമരുന്ന്. ഇനിയും നൂറ് കണക്കിന് കിലോ മെത്താംഫെറ്റമീൻ പ്രദേശവാസികളുടെ കൈയ്യിലുണ്ടെന്നാണ് കസ്റ്റംസ് പറയുന്നത്.

2019ൽ ഇന്ത്യൻ കോസ്റ്റ്ഗാർഡിൻറെ പിടിയിലാകുമെന്ന് ഉറപ്പായപ്പോൾ മ്യാൻമറിൽ നിന്നുള്ള ലഹരി സംഘം മയക്ക് മരുന്ന് സഹിതം കപ്പൽ മുക്കിയിരുന്നു. വായു കടക്കാത്ത കവറിലുള്ള ലഹരി മരുന്ന് തീരത്ത് അടിയുകയുകയായിരുന്നു.

ഇതാണ് ഇപ്പോൾ കേരളത്തിലേക്ക് എത്തിക്കുന്നതെന്നും കസ്റ്റംസ് വ്യക്തമാക്കുന്നു.



## സ്കൂൾ മുറ്റത്ത് പൂന്തോട്ടം ഒരുക്കി കുരുന്നുകൾ

മാഹി : പള്ളൂർ നോർത്ത് ഗവൺമെന്റ് എൽ പി സ്കൂളിൽ ഗ്രീൻഡേ ഉത്സവത്തിന്റെ ഭാഗമായി സ്കൂളിലെ കുരുന്നുകൾ സ്കൂൾ മുറ്റത്ത് പൂന്തോട്ടം ഒരുക്കി. സെപ്റ്റംബർ 15 വരെ രാജ്യത്തുടനീളം നടക്കുന്ന സ്വച്ഛതാ പക്ഷാചരണത്തിന്റെ ഭാഗമായി സ്കൂളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തിൽ ഒരുക്കിയ പൂന്തോട്ടം കുട്ടികൾക്ക് നവ്യാനുഭവമായി. ഇതിനോടനുബന്ധിച്ച് പാഴ് വസ്തുക്കളിൽ നിന്നും സ്കൂളിലെ കുട്ടികൾ തന്നെ നിർമ്മിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനവും ശ്രദ്ധേയമായി. സ്കൂൾ ഹെഡ്മിസ്ട്രസ് റീന ചാത്തംപള്ളി സംസാരിച്ചു. സ്വച്ഛതാ പക്ഷാചരണ പരിപാടിയുടെ കൺവീനറും അധ്യാപികയുമായ ആർ രൂപ, പി.ടി.മുഹസിന, ആർ രാക്കി, ശരണ്യ രവീന്ദ്രൻ, ജെ.സി കല, എം.ജോസ്ന എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി; സമരം അവസാനിപ്പിക്കില്ലെന്ന് കെ.പി.സി.ടി.എ

തിരുവനന്തപുരം: സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി വിഷയത്തിലെ സമരം അവസാനിപ്പിക്കില്ലെന്ന് പ്രതിപക്ഷ അധ്യാപക സംഘടനയായ കെ.പി.സി.ടി.എ. കുടിശ്ശിക നൽകിയത് കൊണ്ട് മാത്രം സമരം അവസാനിപ്പിക്കില്ലെന്നും കെ.പി.സി.ടി.എ അറിയിച്ചു. 2016ൽ അനുവദിച്ച തുകയാണ് ഇപ്പോഴും തുടർന്ന് പോകുന്നത്. തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തണം. മൂന്നിരട്ടിയിലധികം തുകയാണ് സാധനങ്ങൾക്ക് വർദ്ധിച്ചതെന്നും അടിയന്തരമായി സർക്കാർ പരിഹാരം ഉണ്ടാക്കണമെന്നും അധ്യാപക സംഘടനയായ കെ.പി.സി.ടി.എ പറഞ്ഞു. അതുവരെയും സമരവുമായും നിയമ നടപടിയുമായും മുന്നോട്ടു പോകും. വിദ്യാഭ്യാസ മന്ത്രിയുടെ വസതിയിലേക്കുള്ള മാർച്ചിൽ മാറ്റമില്ല കെ.പി.സി.ടി.എ അറിയിച്ചു.

കഴിഞ്ഞ ദിവസം സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി കുടിശ്ശിക വിഷയത്തിൽ സംസ്ഥാന സർക്കാരിനോട് കേരള ഹൈക്കോടതി മറുപടി ആവശ്യപ്പെട്ടിരുന്നു. പ്രധാനാധ്യാപകർക്ക് നൽകാനുള്ള കുടിശ്ശിക തുക എന്ന് കൊടുത്തു തീർക്കുമെന്ന് സർക്കാർ അറിയിക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു.

രേഖാമൂലം മറുപടി നൽകാനാണ് കോടതിയുടെ നിർദേശം. വിഷയത്തിൽ ഇടപെടമാവശ്യപ്പെട്ട് അധ്യാപക സംഘടന നൽകിയ ഹരജിയിലായിരുന്നു കോടതി നടപടി. കേന്ദ്രഫണ്ട് ലഭിക്കാത്തതാണ് കുടിശ്ശിക വരാൻ കാരണമെന്നാണ് സർക്കാർ അറിയിച്ചത്.

## 'അമിത്ഷായുടെ ശ്രമം ഹിന്ദി ഭാഷയെ അടിച്ചേൽപ്പിക്കാൻ'; ഹിന്ദി രാജ്യത്തെ മുഴുവൻ ഒന്നിപ്പിക്കുന്നുവെന്നത് അസംബന്ധം; ഉദയനിധി സ്റ്റാലിൻ

ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ നടത്തിയ പ്രസംഗത്തിനെതിരെ തമിഴ്നാട് യുവജനക്ഷേമ-കായിക വകുപ്പ് മന്ത്രി ഉദയനിധി സ്റ്റാലിൻ. അമിത്ഷാ ഹിന്ദി ഭാഷയെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുവെന്ന് ഉദയനിധി പറഞ്ഞു.

അഞ്ചിൽ താഴെ സംസ്ഥാനങ്ങളിൽ സംസാരിക്കുന്ന ഭാഷ രാജ്യത്തെ ഏകീകരിപ്പിക്കുന്നുവെന്ന് പറയുന്നത് അസംബന്ധമാണെന്നും ഉദയനിധി സ്റ്റാലിൻ അഭിപ്രായപ്പെട്ടു.



ഹിന്ദി രാജ്യത്തെ ജനങ്ങളെ ഒന്നിപ്പിക്കുന്നുവെന്നും പ്രാദേശിക ഭാഷകളെ ശാക്തീകരിക്കുന്നുവെന്നും അമിത്ഷാ പറഞ്ഞിരുന്നു. ഹിന്ദി പഠിച്ചാൽ മുന്നേറാം എന്ന ആക്രോശത്തിന്റെ ബദൽ രൂപമാണിതെന്നാണ് അമിത്ഷായുടെ പരാമർശത്തെ വിമർശിച്ചുകൊണ്ട് ഉദയനിധി സ്റ്റാലിൻ സാമൂഹ്യ മാധ്യമമായ എക്സിൽ കുറിച്ചത്.

തമിഴ്നാട്ടിൽ തമിഴ്, കേരളത്തിൽ മലയാളം. ഈ രണ്ട് സംസ്ഥാനങ്ങളെ ഹിന്ദി എവിടെയാണ് ഒന്നിപ്പിക്കുന്നത്.

ശാക്തീകരണം എവിടെയാണ് വരുന്നത്. ഹിന്ദി ഒഴികെയുള്ള ഭാഷകളെ പ്രാദേശിക ഭാഷകളായി തരം താഴ്ത്തുന്നത് അമിത്ഷാ അവസാനിപ്പിക്കണമെന്നും നാലോ അഞ്ചോ സംസ്ഥാനങ്ങളിൽ സംസാരിക്കുന്ന ഹിന്ദി രാജ്യത്തെ മുഴുവൻ ഒന്നിപ്പിക്കുന്നുവെന്ന് പറയുന്നത് അസംബന്ധമാണെന്നും ഉദയനിധി സ്റ്റാലിൻ പറഞ്ഞു.

## ആത്മകഥയുമായി സരിത എസ് നായർ

കൊല്ലം: സോളാർ വിവാദങ്ങൾക്കിടെ ആത്മകഥയുമായി കേസിലെ മുഖ്യപ്രതി സരിത എസ് നായർ. 'പ്രതിനായിക' എന്ന അത്മകഥയുടെ കവർ ഫെയ്സ്ബുക്ക് പേജിലൂടെയാണ് സരിത പങ്കുവച്ചത്. കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന റെസ്പോൺസ് ബുക്സാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

സോളാർ വിവാദം വീണ്ടും കേരളരാഷ്ട്രീയത്തിൽ സജീവ ചർച്ചയാകുന്നതിനിടെയാണ് കേസിലെ മുഖ്യ പ്രതിയായ സരിത എസ് നായരുടെ ആത്മകഥ പുറത്തുവരുന്നത്. ആത്മകഥ പുറത്തിറങ്ങുന്ന കാര്യം ഫെയ്സ്ബുക്ക് കുറിപ്പിലൂടെയാണ് സരിത അറിയിച്ചത്. പ്രതിനായികയെന്നാണ് പുസ്തകത്തിന്റെ പേര്.'ഞാൻ പറഞ്ഞത് എന്ന പേരിൽ നിങ്ങൾ അറിഞ്ഞവയുടെ പൊരുളും പറയാൻ വിട്ടുപോയവയും ഈ പുസ്തകത്തിലുണ്ടാകുമെന്ന്' ആമുഖത്തോടെയാണ് കുറിപ്പ് പങ്കുവച്ചത്.

# നിപ: 11 പേരുടെ പരിശോധന ഫലം നെഗറ്റീവ്

കോഴിക്കോട്: പരിശോധനയ്ക്കയച്ച 11 സാംപിളുകളുടെ പരിശോധനാഫലം നിപ നെഗറ്റീവാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിച്ച ആരോഗ്യപ്രവർത്തകന്റെ സമ്പർക്കപട്ടികയിലുള്ളവരടക്കമുള്ളവർക്കാണ് നിപ ബാധയില്ലെന്ന് സ്ഥിരീകരിച്ചത്. അതിനിടെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ഇന്ന് മന്ത്രിമാരുടെ ഉന്നത തലയോഗം നടക്കും. രാവിലെ പത്തിന് നടക്കുന്ന യോഗത്തിൽ വീണാ ജോർജ്, മുഹമ്മദ് റിയാസ്, അഹമ്മദ് ദേവർ കോവിൽ, എ.കെ ശശീന്ദ്രൻ എന്നിവർ സ്ഥിതിഗതികൾ വിലയിരുത്തും. ജില്ലയിലെ എംപിമാർ, എം എൽ എ മാർ എന്നിവരും പങ്കെടുക്കും. 11 മണിക്ക് പ്രശ്ന ബാധിത പഞ്ചായത്തുകളിലെ



പ്രതിനിധികളുമായി മന്ത്രി മുഹമ്മദ് റിയാസിൻറെ നേതൃത്വത്തിൽ അവലോകനയോഗവും ചേരും. കോഴിക്കോട് തുടരുന്ന കേന്ദ്രസംഘം ഇന്ന് രോഗ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചേക്കും. ആർജിസിബിയുടെ മൊബൈൽ സംഘവും ഇന്ന് കോഴിക്കോടെത്തും. ഇന്നു മുതൽ ഫീൽഡ് പരിശോധനകൾ നടത്തും. ചെന്നൈയിൽനിന്നുള്ള ഡോ. ബാലസുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലുള്ള സംഘം വവ്വാലുകളുടെ സാംപിൾ ശേഖരണം തുടങ്ങും. തിരുവള്ളൂർ പഞ്ചായത്തിലെ 7,8,9 വാർഡുകൾ കണ്ടെയിൻമെന്റ് സോണുകളാക്കി. 950 പേരാണ് നിപ രോഗബാധിതരുടെ സമ്പർക്ക പട്ടികയിലുള്ളത്. കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിച്ച ആരോഗ്യപ്രവർത്തകന്റെ സമ്പർക്ക പട്ടികയിൽ ഉള്ളവരടക്കമാണ് ഇത്. ഇന്ന് സാംപിളുകൾ ആയച്ച 30 പേരിൽ രണ്ടുപേർക്ക് രോഗലക്ഷണമുണ്ട്.



## കരുവന്നൂർ ബാങ്ക് തട്ടിപ്പ് റിമാൻഡ് റിപ്പോർട്ട് വായിച്ചു; മാത്യു കുഴൽനാടന്റെ മൈക്ക് ഓഫ് ചെയ്ത് സ്പീക്കർ, സഭയിൽ വാക്കേറ്റം

തിരുവനന്തപുരം: കരുവന്നൂർ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ റിമാൻഡ് റിപ്പോർട്ട് സഭയിൽ വായിച്ച മാത്യു കുഴൽനാടൻ എംഎൽഎയും സ്പീക്കർ എഎൻ ഷംസീറും തമ്മിൽ വാക്പ്പോര്. ഭരണപക്ഷവും സ്പീക്കറും ആവശ്യപ്പെട്ടിട്ടും റിമാൻഡ് റിപ്പോർട്ട് വായന മാത്യു കുഴൽനാടൻ തുടർന്നു. ഇതോടെ സ്പീക്കർ മൈക്ക് ഓഫ് ചെയ്തു. സംസ്ഥാന സഹകരണ നിയമ ഭേദഗതി ബില്ലിനിടെയാണ് നിയമസഭയിൽ ബഹളമുണ്ടായത്.തന്നെ ഭരണപക്ഷ അംഗങ്ങൾ രണ്ട് ദിവസമായി പ്രകോപിപ്പിക്കാൻ ശ്രമിക്കുകയാണെന്നും പറയാനുള്ളത് പറയുമെന്നും മാത്യു കുഴൽനാടൻ പറഞ്ഞു. കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് നിയമസഭ പല വട്ടം ചർച്ച ചെയ്തതാണെന്നും ബില്ലിലേക്ക് വരാനും സ്പീക്കർ ആവശ്യപ്പെട്ടു. എന്നാൽ മാത്യു റിമാൻഡ് റിപ്പോർട്ട് തുടർന്നും വായിച്ചു. റിമാൻഡ് റിപ്പോർട്ട് രേഖകളിൽ ഉണ്ടാകില്ലെന്ന് ആദ്യം പറഞ്ഞ സ്പീക്കർ, റിപ്പോർട്ട് ശരിയാവണമെന്നില്ലെന്നും പറഞ്ഞു.

ഒരാളെ റിമാൻഡ് ചെയ്തതുകൊണ്ട് അയാൾ കുറ്റക്കാരനാകില്ലെന്നും അങ്ങനെയെങ്കിൽ ഞാനൊക്കെ എത്ര കേസിൽ പ്രതിയാണെന്നും സ്പീക്കർ ചോദിച്ചു. നിങ്ങൾ ഒരു പ്രാക്ടീസിങ് ലോയറാണെന്ന് ഓർമ്മിപ്പിച്ച അദ്ദേഹം റിമാൻഡ് റിപ്പോർട്ട് വായിക്കുന്നത് തുടർന്നാൽ മൈക്ക് ഓഫ് ചെയ്യുമെന്നും പറഞ്ഞു. അഴിമതിയെ കുറിച്ച് പറയുമ്പോൾ എന്തിന് അസ്വസ്ഥനാകുന്നു എന്നായിരുന്നു മാത്യുവിന്റെ മറു ചോദ്യം. പിന്നാലെ സ്പീക്കർ മൈക്ക് ഓഫ് ചെയ്തു. തന്നെക്കുറിച്ച് പറയുമ്പോൾ ചെയർ എന്തുകൊണ്ട് ഇടപെടുന്നില്ലെന്ന് ചോദിച്ച് മാത്യു കുഴനാടൻ സ്പീക്കറോടും കുപിതനായി. മൈക്ക് ഓഫ് ചെയ്തതോടെ പ്രസംഗം അവസാനിപ്പിച്ചു. മാത്യു കുഴൽനാടനും സ്പീക്കറും തമ്മിലുണ്ടായ തർക്കം സഭാ ടിവിയിൽ കാണിക്കുന്നത് ഒഴിവാക്കുകയും ചെയ്തു.

## കോട്ടയത്ത് മധ്യവയസ്കയെ ആക്രമിച്ച കേസിൽ രണ്ട് പേർ അറസ്റ്റിൽ

കോട്ടയം: മധ്യവയസ്കയെ ആക്രമിച്ച കേസിൽ രണ്ടു പേരെ പൊലീസ് അറസ്റ്റ് ചെയ്തു. പുതുപ്പള്ളി എറികാട് ഭാഗത്ത് കളമ്പുകാട് വീട്ടിൽ ഡെന്നി ഐസക്ക് (30), ഇയാളുടെ ഇരട്ട സഹോദരനായ ഡോണി ഐസക്ക്(30) എന്നിവരെയാണ് കോട്ടയം ഈസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തത്.

ഇവർ സംഘം ചേർന്ന് പന്ത്രണ്ടാം തീയതി വൈകിട്ട് 5:30 ഓടുകൂടി മധ്യവയസ്കയുടെ വീട്ടിൽ അതിക്രമിച്ചു കയറി ഇവരെ ചീത്ത വിളിക്കുകയും, ആക്രമിക്കുകയായിരുന്നു. ഇവർ തമ്മിൽ കുടുംബപരമായ പ്രശ്നങ്ങൾ നിലനിന്നിരുന്നു. ഇതിന്റെ



തുടർച്ചയെന്നോണമാണ് ഇവരെ വീട്ടിൽ കയറി ആക്രമിച്ചത്. പരാതിയെ തുടർന്ന് കോട്ടയം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇവരെ പിടികൂടുകയുമായിരുന്നു. കോട്ടയം ഈസ്റ്റ് സ്റ്റേഷൻ എസ്.എച്ച്.ഓ ഷിജു പി.എസ്, എസ്.ഐ മാരായ അരുൺകുമാർ, മുഹമ്മദ് നൗഷാദ്, സി.പി.ഓ മാരായ പ്രതീഷ് രാജ്, അജിത്ത്, അജേഷ്, രജീഷ് എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി.

## 'തെളിവ് നശിപ്പിക്കാൻ സാധ്യത'; പ്രിയരഞ്ജന്റെ ജാമ്യാപേക്ഷ തള്ളി കോടതി

തിരുവനന്തപുരം: ക്ഷേത്രവളപ്പിൽ മൂത്രമൊഴിച്ചത് ചോദ്യംചെയ്ത പത്താം ക്ലാസ് വിദ്യാർത്ഥിയെ കാറിടിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതി
പൂവച്ചൽ പുളിങ്കോട് സ്വദേശി പ്രിയരഞ്ജന്റെ ജാമ്യാപേക്ഷ കാട്ടാക്കട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. ഈ മാസം 12ന് പ്രിയരഞ്ജനെ റിമാൻഡ് ചെയ്തിരുന്നു.

തന്റെ കക്ഷി നിരപരാധിയാണെന്നും ജാമ്യത്തിനായി എന്തു നിബന്ധനവച്ചാലും അംഗീകരിക്കുമെന്നും പ്രതിക്കായി ഹാജരായ അഭിഭാഷകൻ മടവൂർപ്പാറ ജിആർ രാജീവ് കുമാർ കോടതിയെ അറിയിച്ചു. പ്രോസിക്യൂഷൻ ഇതിനെ എതിർത്തു. സംഭവത്തിന്റെ ഗൗരവം കണക്കിലെടുക്കണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. അന്വേഷണ ഉദ്യോഗസ്ഥൻ കോടതിയിൽ കസ്റ്റഡി അപേക്ഷ സമർപിച്ചിരുന്നു. തെളിവ് നശിപ്പിക്കാനുള്ള സാധ്യതയുള്ളതിനാലും അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാലും കോടതി ജാമ്യം നിഷേധിച്ചു.

കഴിഞ്ഞമാസം 30നാണ് പുളിങ്കോട് ഭദ്രകാളി ക്ഷേത്രത്തിനു സമീപം സംഭവം നടന്നത്. പുളിങ്കോട് അരുണോദയത്തിൽ ആദിശേഖർ (15) ആണ് മരിച്ചത്. ആദ്യം അപകട മരണമെന്നായിരുന്നു ബന്ധുക്കൾ കരുതിയത്. അലക്ഷ്യമായി വാഹനമോടിച്ചതിനാണ് കേസെടുത്തത്. സിസിടിവി ദൃശ്യങ്ങളിൽനിന്നാണ് മനപൂർവം വാഹനമിടിച്ച് കൊലപ്പെടുത്തിയതെന്ന് മനസിലായത്. സംഭവത്തിനുശേഷം കാർ ഉപേക്ഷിച്ച് തമിഴ്നാട്ടിലേക്ക് കടന്ന പ്രതിയെ അവിടെവച്ചാണ് പൊലീസ് അറസ്റ്റു ചെയ്തത്.

## 'പെൺപ്രതിമ തന്ന് പ്രകോപിപ്പിക്കരുത്', സംസ്ഥാന പുരസ്കാര വിതരണ വേദിയിൽ അലൻസിയർ

തിരുവനന്തപുരം: പെൺ പ്രതിമ തന്ന് പ്രകോപിപ്പിക്കരുതെന്ന് നടൻ അലൻസിയർ.

സംസ്ഥാന പുരസ്കാര വിതരണ വേദിയിൽ സെപ്ഷ്യൽ ജൂറി പുരസ്കാരം വാങ്ങിയ ശേഷമായിരുന്നു താരത്തിന്റെ സ്ത്രീവിരുദ്ധ പരമാർശം. ആൺക്കരുത്തുള്ള മുഖ്യമന്ത്രി ഇരിക്കുന്നയിടത്ത് ആൺ കരുത്തുള്ള പ്രതിമ നൽകണമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ ആൺപ്രതിമ ലഭിക്കുന്ന ദിവസം താൻ അഭിനയം നിർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



സ്പെഷ്യൽ ജൂറി പുരസ്കാരത്തിന് സ്വർണം പൂശിയ പ്രതിമ തരണം. സ്പെഷ്യൽ ജൂറി പുരസ്കാരത്തുക വർധിപ്പിക്കണം. 25,000 രൂപ തന്ന് അപമാനിക്കരുതെന്നും അലൻസിയർ വേദിയിൽ പറഞ്ഞു. അപ്പൻ എന്ന സിനിമയിലെ അഭിനയത്തിനാണ് അലൻസിയറിന് പ്രത്യേക ജൂറി പരാമർശം ലഭിച്ചത്.

മുഖ്യമന്ത്രി പിണറായി വിജയനും സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനും ചേർന്നാണ് സംസ്ഥാന പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

## കറപുരളാത്ത രാഷ്ട്രീയ ജീവിതമാണ് തന്റേത്, വിജിലൻസ് അന്വേഷണത്തിൽ ആശങ്കയില്ല; കെ സുധാകരൻ

കോഴിക്കോട്: അനധികൃത സ്വത്ത് സമ്പാദന പരാതിയിൽ വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ ആശങ്കയില്ലെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ. അഴിമതിയുടെ കറപുരളാത്ത രാഷ്ട്രീയ ജീവിതമാണ് തന്റേതെന്നും അത് തെളിയിക്കാൻ ഒരു അവസരം കിട്ടിയെന്നും സുധാകരൻ പറഞ്ഞു. കോഴിക്കോട് വിജിലൻസിന് മുമ്പാകെ മൊഴി നൽകിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുയായിരുന്നു സുധാകരൻ.



പണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കി. ഏത് അന്വേഷണ ഏജൻസിയോടും സഹകരിക്കാൻ തയ്യാറാണെന്നും സുധാകരൻ വ്യക്തമാക്കി. പരാതിക്കാരനായ പ്രശാന്ത് ബാബു രാഷ്ട്രീയ ചട്ടുകമാണ്. പാർട്ടിയിൽ നിന്ന് താൻ പുറത്താക്കിയ ആളാണ് പരാതിക്കാരൻ എന്നും സുധാകരൻ പറഞ്ഞു. വിജിലൻസ് പ്രത്യേക സെൽ എസ്പി അബ്ദുൾ റസാഖിന്റെ നേതൃത്വത്തിലാണ് മൊഴിയെടുത്തത്. സുധാകരന്റെ മുൻ ഡ്രൈവർ പ്രശാന്ത് ബാബു 2021 ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണിത്. കെ. കരുണാകരൻ ട്രസ്റ്റ് രൂപീകരിച്ച് ചിറക്കൽ രാജാസ് സ്കൂൾ ഏറ്റെടുക്കാൻ വിദേശത്തു നിന്ന് ഉൾപ്പടെ പണം പിരിക്കുകയും പിന്നീട് ഈ തുക സുധാകരൻ ചെലവഴിച്ചെന്നുമാണ് പരാതി.

## കരുവന്നൂർ ബാങ്ക് തട്ടിപ്പ് : സതീഷ് കുമാറിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു; ഫോണുകൾ പരിശോധിക്കുന്നു

തൃശൂർ: കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ ഇഡി അറസ്റ്റ് ചെയ്ത മുഖ്യപ്രതി സതീഷ് കുമാറിന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു. അയ്യന്തോൾ സർവീസ് സഹകരണബാങ്കിലെ അക്കൗണ്ടാണ് ഇഡിയുടെ നിർദേശപ്രകാരം മരവിപ്പിച്ചത്. സതീഷ്കുമാറിന്റെ ഭാര്യയുടെയും മകന്റെയും അക്കൗണ്ടുകളും മരവിപ്പിച്ചു.

കള്ളപ്പണ ഇടപാടുകാരനായ സതീഷ് കുമാറിന്റെ മൊബൈൽഫോൺ പരിശോധന തുടരുകയാണ്.

അതിനിടെ, സതീഷ് കുമാറിനായി എസി മൊയ്തീൻ ഇടപെട്ടെന്ന് സാക്ഷി ജിജോർ ഒരു ചാനലിനോട് വെളിപ്പെടുത്തി. ബിനാമി പേരിൽ കോടികൾ വായ്പ തട്ടിപ്പു നടത്തിയ സതീഷ് കുമാറിന് വേണ്ടി എസി മൊയ്തീൻ വിളിച്ചു സമ്മർദ്ദം ചെലുത്തി.

സതീഷിനെ മൊയ്തീന് പരിചയപ്പെടുത്തിയത് സിപിഎം കൗൺസിലർമാരാണ്. സിപിഎം നേതാവ് സി കെ ചന്ദ്രനുമായി സതീഷ് കുമാറിന് ഉറ്റബന്ധമുണ്ട്.

സതീഷ് കുമാറിന് വിദേശത്തും ബിസിനസ് സാമ്രാജ്യമുണ്ട്. ഒരു റിട്ടയേഡ് എസ്പി അടക്കം രണ്ടു പൊലീസുകാരും ഇടപാടിൽ പങ്കാളികളായിരുന്നുവെന്നും ജിജോർ പറയുന്നു.

അതേസമയം കരുവന്നൂർ ബാങ്ക് തട്ടിപ്പ് അന്വേഷിക്കാൻ സിപിഎം നിയോഗിച്ച അന്വേഷണ കമ്മീഷൻ അംഗത്തിന്റെ ഭാര്യ അയ്യന്തോൾ സഹകരണ ബാങ്കിലെ ഉദ്യോഗസ്ഥയാണെന്ന് മുൻ എംഎൽഎ അനിൽ അക്കര ആരോപിച്ചു.

കോലഴി ബാങ്ക് ഉൾപ്പെടെ ജില്ലയിലെ പത്ത് സിപിഎം ഭരിക്കുന്ന സഹകരണ ബാങ്കുകളിലെ ബിനാമി നിക്ഷേപവിവരങ്ങൾ കൂടി ആവശ്യപെട്ടിട്ടുണ്ട് എന്നും അനിൽ അക്കര ഫെയ്സ്ബുക്ക് കുറിപ്പിൽ വ്യക്തമാക്കി.

## നിർമാല്യം പോലുള്ള സിനിമകൾ ഇപ്പോൾ ഉണ്ടാകുന്നില്ല; ദേശീയതലത്തിൽ കേരളത്തെ കരിവാരി തേയ്ക്കാൻ സിനിമയെ ഉപയോഗിക്കുന്നു: മുഖ്യമന്ത്രി

തിരുവനന്തപുരം: മനുഷ്യനന്മയ്ക്കുള്ള ആശയങ്ങൾക്ക് വേണ്ടിയാണ് സിനിമ എന്ന മാധ്യമം ഉപയോഗിക്കേണ്ടതെന്നും എന്നാൽ, ദേശീയ തലത്തിൽ തിന്മ പ്രചരിക്കാൻ ചില ശക്തികൾ ശ്രമിക്കുന്നുവെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സിനിമ നാടിനെയും കാലഘട്ടത്തിനെയും മുന്നോട്ട് നയിക്കുന്നതാണ്. എം ടിയുടെ 'നിർമാല്യം' പോലുള്ള സിനിമകൾ അത്തരത്തിലുള്ളതാണ്. എന്നാൽ, അതുപോലുള്ള സിനിമകൾ ഇപ്പോൾ ഉണ്ടാകുന്നില്ല. സിനിമ ദുരുപയോഗം ചെയ്യുന്ന കാലത്താണ് ജീവിക്കുന്നത്. ഇക്കാലത്ത് പോയകാലത്തെ ജീർണതകളെ കൊണ്ടുവരാൻ ദേശീയ തലത്തിൽ സിനിമ ഉപയോഗിക്കുന്നു. ജാതീയത, ഫ്യൂഡൽ വ്യവസ്ഥ, ചാതുർവർണ്യം എന്നിവയെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നു. സ്ത്രീത്വത്തിന്റെ മുന്നേറ്റത്തെ അടിച്ചമർത്തി ആണധികാരത്തെ ഊട്ടിയുറപ്പിക്കുന്ന സിനിമകൾ വരുന്നു. നവോഥാന മൂല്യങ്ങളെ തല്ലിക്കെടുത്തുന്നതിനോട്




സഹകരിക്കാൻ ജനമനസ്സുകളെ പാകപ്പെടുത്താനുള്ള ശ്രമം നടത്തുന്നു.

ഈ ഇരുട്ടിന്റെ നടുക്കൽ വെളിച്ചമായി നിൽക്കുകയാണ് കൊച്ചുകേരളം. സമത്വത്തിന്റെ, സാഹോദര്യത്തിന്റെ, മതനിരപേക്ഷതയുടെ കേരളം.

കേരളത്തിന്റെ കഥ എന്ന് പറഞ്ഞ് ഒരു സിനിമ പ്രചരിപ്പിച്ചു. കേരളത്തിന്റെ മതനിരപേക്ഷതയെ തകർക്കാൻ, ലൗ ജിഹാദിന്റെ നാടാണ് ഇതെന്നു വരുത്തി തീർക്കാനും ലോകത്തിന് മുന്നിൽ കരിവാരി തേക്കാനുള്ള ശ്രമം. വിഷപ്രചാരണത്തിനായുള്ള ആയുധമായി സിനിമയെ ഉപയോഗിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവല്ല. കേരളത്തിന്റെ മികച്ച പ്രതിച്ഛായയെ ലോകമൊട്ടാകെയെത്തിക്കാൻ ചലച്ചിത്ര പ്രവർത്തകർ മുന്നോട്ടുവരണം- മുഖ്യമന്ത്രി പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയനും സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനും ചേർന്നാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്. സംവിധായകൻ ടിവി ചന്ദ്രനെ സമഗ്ര സംഭാവനയ്ക്കുള്ള ജെ സി ഡാനിയേൽ പുരസ്കാരം നൽകി ആദരിച്ചു.

ലിജോ ജോസ് പെല്ലിശ്ശേരി, മഹേഷ് നാരായണൻ, എം ജയചന്ദ്രൻ, റഫീക്ക് അഹമ്മദ്, രതീഷ് ബാലകൃഷ്ണ പൊതുവാൾ എന്നിവരും മറ്റു പുരസ്കാര ജേതാക്കളും ചടങ്ങിൽ സന്നിഹിതരായിരുന്നു. മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിയ്ക്ക് വേണ്ടി നൻപകൽ നേരത്ത് മയക്കം എന്ന സിനിമയുടെ സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരിയാണ് ഏറ്റുവാങ്ങിയത്. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജിആർ അനിൽ അനുമോദന പ്രഭാഷണം നടത്തി.

# നിപ; അതിർത്തികളിൽ ജാഗ്രതാ നിർദേശം നൽകി കർണാടക







ബെംഗളൂരു: കേരളത്തിലെ നിപ രോഗത്തിൻറെ പശ്ചാത്തലത്തിൽ കേരള - കർണാടക അതിർത്തി ചെക്ക് പോസ്റ്റുകളിൽ നിരീക്ഷണ യൂണിറ്റുകൾ സ്ഥാപിക്കാൻ നിർദേശം നൽകി കർണാടക. അത്യാവശ്യമെങ്കിൽ മാത്രം കോഴിക്കോട് ജില്ലയിലേക്ക് യാത്ര ചെയ്താൽ മതിയെന്നും കേരളവുമായി അതിർത്തി പങ്കിടുന്ന ചാമരാജ നഗര, മൈസൂർ, കുടക്, ദക്ഷിണ കന്നഡ എന്നീ മേഖലകളിൽ പനി നിരീക്ഷണം ശക്തമാക്കാനും കർണാടക സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

ഒരു മൃഗഡോക്ടറെ അടക്കം ഉൾപ്പെടുത്തി എല്ലാ അതിർത്തി ജില്ലകളിലും റാപ്പിഡ് റെസ്പോൺസ് ടീമുകളെയും നിയോഗിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ഐസൊലേഷൻ സൗകര്യത്തോടെ 2 കിടക്കകൾ, ഒരു ഐസിയു സൗകര്യം എന്നിവ തയ്യാറാക്കി വയ്ക്കാനും പിപിഇ കിറ്റുകൾ, ഓക്സിജൻ വിതരണം എന്നിവ അടക്കം വേണ്ട സൗകര്യങ്ങൾ കാര്യക്ഷമം ആക്കണമെന്നും കർണാടക സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.നിപ എന്ന് സംശയിക്കുന്ന കേസ് വന്നാൽ ഉടൻ ജില്ലാ മെഡിക്കൽ അധികൃതരെ വിവരമറിയിക്കണമെന്നും ആവശ്യമെങ്കിൽ സാമ്പിളുകൾ ബംഗളൂരു എൻഐവിയിലേക്ക് അയക്കണമെന്നും കർണാടക സർക്കാർ നിർദ്ദേശിച്ചു.

# ചരിത്രം കുറിച്ച് തമിഴ്നാട്; ക്ഷേത്രങ്ങളിൽ പൂജാരിമാരായി സ്ത്രീകൾ


പൂജാരിമാരായി ചുമതലയേറ്റ സ്ത്രീകൾ

ചെന്നൈ : തമിഴ്നാട്ടിൽ ക്ഷേത്രപൂജാരിമാരായി സ്ത്രീകളെ നിയമിച്ച് സ്റ്റാലിൻ സർക്കാർ. കൃഷ്ണവേണി, എസ്.രമ്യ, എൻ. രഞ്ജിത എന്നിവരെ സംസ്ഥാന സർക്കാരിനു കീഴിലുള്ള ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെൻറ് വകുപ്പിൻറെ കീഴിലുള്ള ക്ഷേത്രങ്ങളിലാണ് നിയമിക്കുക. സഹപൂജാരിമാരായിട്ടാണ് ഇവർ ചുമതലയേൽക്കുന്നത്. ചൊവ്വാഴ്ച ശ്രീരംഗത്തിലെ ശ്രീ രംഗനാഥർ ക്ഷേത്രം നടത്തുന്ന അർച്ചകർ ട്രെയിനിംഗ് സ്കൂളിൽ കോഴ്സ് പൂർത്തിയാക്കിയ മൂന്ന് സ്ത്രീകൾക്കും പുരുഷന്മാർക്കും തമിഴ്നാട് മന്ത്രി ശേഖർ ബാബു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

പുരോഹിതരാകാൻ ആഗ്രഹിക്കുന്ന മറ്റു പല സ്ത്രീകൾക്കും ഇതൊരു പ്രചോദനമാകുമെന്ന് മൂവരം പറഞ്ഞു. കടലൂരിൽ നിന്നുള്ള എംഎസ്സി ബിരുദധാരിയാണ് രമ്യ. "സ്ത്രീകൾക്കും പുരോഹിതരാകാമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ, ഇപ്പോൾ എല്ലാ മേഖലകളിലും സ്ത്രീകൾ സാന്നിധ്യമുള്ളതിനാൽ ഞങ്ങൾ അതിനെ ഒരു അവസരമായാണ് കണ്ടത്." രമ്യ പറഞ്ഞു.പരിശീലനം തുടക്കത്തിൽ വെല്ലുവിളി നിറഞ്ഞതായിരുന്നുവെന്നും ബുദ്ധിമുട്ടാണെങ്കിലും, തങ്ങൾ ഉപേക്ഷിക്കാൻ ആഗ്രഹിച്ചില്ലെന്നും അവർ കൂട്ടിച്ചേർത്തു. "ഞങ്ങളുടെ അധ്യാപകനായ സുന്ദർ ഭട്ടറും ഞങ്ങളെ നന്നായി പഠിപ്പിച്ചു. സർക്കാരിനും ഞങ്ങളുടെ എല്ലാ അധ്യാപകർക്കും പിന്തുണ നൽകിയതിന് ഞങ്ങൾ നന്ദി അറിയിക്കുന്നു" രമ്യ പറയുന്നു.

പ്രായോഗിക പരിശീലന കാലയളവ് പൂർത്തിയാകുമ്പോൾ ക്ഷേത്രങ്ങളിൽ സ്ഥിരം പൂജാരിമാരായി പ്രവർത്തിക്കാൻ കഴിയുമെന്ന് കൃഷ്ണവേണി പ്രതീക്ഷ പ്രകടിപ്പിച്ചു."എനിക്ക് ദൈവത്തെ സേവിക്കാനും ജനങ്ങളെ സേവിക്കാനും ആഗ്രഹമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് ചെയ്യാൻ തീരുമാനിച്ചത്, "അവർ കൂട്ടിച്ചേർത്തു.

'പൈലറ്റുമാരും ബഹിരാകാശയാത്രികരും എന്ന നിലയിൽ സ്ത്രീകൾ നേട്ടങ്ങൾ കൈവരിച്ചിട്ടും, ക്ഷേത്രങ്ങളിൽ പ്രത്യേകിച്ച് സ്ത്രീ ദേവതകൾക്കുള്ള ക്ഷേത്രങ്ങളിൽ പോലും അശുദ്ധരായി കണക്കാക്കപ്പെട്ട ക്ഷേത്ര പൂജാരിമാരുടെ പവിത്രമായ പദവിയിൽ നിന്ന് അവരെ വിലക്കിയിരുന്നു. എന്നാൽ ഒടുവിൽ മാറ്റം വന്നിരിക്കുന്നു!. തമിഴ്നാട്ടിൽ, എല്ലാ ജാതിയിലുമുള്ള ആളുകളെ പൂജാരിമാരായി നിയമിച്ച് നമ്മുടെ മാതൃകാ സർക്കാർ പെരിയാറിന്റെ ഹൃദയത്തിലെ ആവേദനയും നീക്കിയപ്പോൾ, സ്ത്രീകളും ഇപ്പോൾ സന്നിധാനങ്ങളിൽ കാലുകുത്തുകയാണ്'- സ്റ്റാലിൻ കുറിച്ചു.

## ഗണേശ ചതുർഥി; കൊങ്കണിലേക്ക് പോകുന്ന ഭക്തർക്കായി 'നമോ എക്സ്പ്രസ്' ട്രെയിനുകൾ ഒരുക്കി ബിജെപി

മുംബൈ: ഗണോശോത്സവത്തിനു മുന്നോടിയായി കൊങ്കൺ മേഖലയിലേക്ക് പോകുന്ന ഭക്തർക്കായി 'നമോ എക്സ്പ്രസ്' ട്രെയിനുകൾ ഒരുക്കി മഹാരാഷ്ട്രയിലെ ബി.ജെ.പി യൂണിറ്റ്. ആറ് പ്രത്യേക ട്രെയിനുകളാണ് ക്രമീകരിച്ചിട്ടുണ്ട്. ആദ്യത്തേത് വ്യാഴാഴ്ച രാത്രി മുംബൈയിലെ ദാദർ ജംഗ്ഷനിൽ നിന്ന് കൊങ്കണിലേക്ക് പുറപ്പെടും.

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും. കൊങ്കണിലേക്ക് പോകുന്ന ഭക്തർക്കായി ബി.ജെ.പി 300 ബസുകളും ക്രമീകരിച്ചിട്ടുണ്ട്.'ഹിന്ദു ഉത്സവങ്ങൾ ബി.ജെ.പി സർക്കാർ വളരെ ഊർജ്ജസ്വലമായി ആഘോഷിക്കുമെന്ന്.' -ബി.ജെ.പി എം.എൽ.എ നിതേഷ് റാണെ ട്വീറ്റ് ചെയ്തു.

"ഇപ്പോൾ യുബിടി (ശിവസേന മേധാവി ഉദ്ധവ് താക്കറെ) സർക്കാർ മാറി അതിനാൽ ഹിന്ദു ഉത്സവങ്ങൾ ആഘോഷിക്കുന്നതിലെ പ്രശ്നവും ഇല്ലാതായി. കൊങ്കണിലേക്ക് പോകുന്ന ഗണേശ ഭക്തരെ ബി.ജെ.പി പിന്തുണയ്ക്കും" റാണ പറഞ്ഞു.

ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള സർക്കാരിന് കീഴിൽ 'ഹിന്ദു ഉത്സവങ്ങൾ ആഘോഷിക്കുന്നത് ബുദ്ധിമുട്ടായിരുന്നു' എന്ന് മുൻ എംവിഎ സർക്കാരിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ച റാണെ ആരോപിച്ചു. എല്ലാ വർഷവും ലക്ഷക്കണക്കിന് ആളുകൾ ഗണേശോത്സവം ആഘോഷിക്കാൻ മുംബൈയിൽ നിന്ന് സ്വന്തം നാടായ കൊങ്കണിലേക്ക് പോകുന്നുണ്ട്.

കൊങ്കണിലെ ഏറ്റവും വലിയ ഉത്സവങ്ങളിലൊന്നായി കണക്കാക്കപ്പെടുന്ന 10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം മഹാരാഷ്ട്രയിൽ ഏറ്റവും വ്യാപകമായി ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങളിലൊന്നാണ്. ട്രെയിൻ, ബസ് ടിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭിക്കാൻ പ്രയാസമാണ്.

## നാല് ചാനലുകൾ, 14 അവതാരകർ

# ഇൻഡ്യ മുന്നണി ബഹിഷ്ക്കരിക്കുന്ന മാധ്യമങ്ങളുടെ പട്ടിക പുറത്ത്



ന്യൂഡൽഹി: വർഗീയവിദ്വേഷം പ്രചരിപ്പിക്കുന്ന നാല് ചാനലുകളെയും 14 അവതാരകരെയും ബഹിഷ്കരിക്കാൻ പ്രതിപക്ഷ സഖ്യമായ ഇൻഡ്യ മുന്നണി. റിപബ്ലിക് ഭാരത്, ടൈംസ് നൗ, സുദർശൻ ന്യൂസ്, ദൂരദർശൻ എന്നീ ചാനലുകളാണ് ബഹിഷ്ക്കരിക്കാൻ തീരുമാനമുള്ളതെന്ന് 'ന്യൂസ്ലോൻഡ്രി' റിപ്പോർട്ട് ചെയ്തു. ഇതോടൊപ്പം മറ്റ് ചില ചാനലുകളിലെ അവതാരകരുടെ പരിപാടികളിലും മുന്നണിയുടെ പ്രതിനിധികൾ പങ്കെടുക്കില്ല.ഗോദി മീഡിയ എന്ന പേരിൽ അറിയപ്പെടുന്ന, മോദി ഭരണകൂടത്തിനു വേണ്ടി വാർത്തകൾ പടച്ചുണ്ടാക്കുന്ന മാധ്യമങ്ങളെയും ചാനൽ അവതാരകരെയും ബഹിഷ്ക്കരിക്കാനാണ് ഇൻഡ്യ മുന്നണിയുടെ മാധ്യമ വിഭാഗത്തിന്റെ തീരുമാനം. നവിക കുമാർ(ടൈംസ് നെറ്റ്വർക്ക്), അർണബ് ഗോസ്വാമി(റിപബ്ലിക് ടി.വി), അശോക് ശ്രീവാസ്തവ്(ഡി.ഡി ന്യൂസ്), അമൻ ചോപ്ര, അമീഷ് ദേവ്ഗൺ, ആനന്ദ് നരസിംഹൻ(ന്യൂസ്18), അതിഥി ത്യാഗി(ഭാരത് എക്സ്പ്രസ്), സുധീർ ചൗധരി, ചിത്ര തൃപാഠി(ആജ് തക്), റുബിക ലിയാഖത്(ഭാരത്24), ഗൗരവ് സാവന്ത്, ശിവ് അരൂർ(ഇന്ത്യ ടുഡേ), പ്രാച്ഛി പരാശർ((ഇന്ത്യ ടി.വി), സുശാന്ത് സിൻഹ(ടൈംസ് നൗ നവഭാരത്) എന്നിവരുടെ പരിപാടികൾ ബഹിഷ്ക്കരിക്കാനാണു തീരുമാനം.

ബുധനാഴ്ച ഡൽഹിയിൽ ചേർന്ന മുന്നണിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആദ്യ യോഗത്തിലാണ് തീരുമാനം. യോഗത്തിൽ 12 പാർട്ടി പ്രതിനിധികൾ പങ്കെടുത്തു.

വാർത്തകളെ വർഗീയവിദ്വേഷം പ്രചരിപ്പിക്കാൻ ഉപയോഗിക്കുകയും പക്ഷപാതപരമായി അവതരിപ്പിക്കുകയും ചെയ്യുന്നുവെന്നാണ് ബഹിഷ്ക്കരണ കാരണമായി ചൂണ്ടിക്കാട്ടുന്നത്. ഇതോടൊപ്പം പൊതുപ്രശ്നങ്ങളിൽനിന്നും വിഷയങ്ങളിൽനിന്നും ഇവർ ശ്രദ്ധ തിരിക്കുന്നതായും ആരോപിക്കുന്നു. തുടക്കത്തിൽ ഏതാനും മാസത്തേക്കായിരിക്കും ബഹിഷ്ക്കരണം. ഇവരുടെ സമീപനത്തിൽ മാറ്റമുണ്ടെങ്കിൽ തീരുമാനം പുനഃപരിശോധിക്കും.

ഒരു പുരോഗതിയുമില്ലെങ്കിൽ ഇത്തരം ചാനലുകൾക്കു പരസ്യങ്ങൾ നിഷേധിക്കുന്നതടക്കമുള്ള തീരുമാനങ്ങളുമുണ്ടാകുമെന്ന് മാധ്യമ വിഭാഗത്തിലെ വൃത്തങ്ങളെ ഉദ്ധരിച്ച് 'ന്യൂസ്ലോൻഡ്രി' റിപ്പോർട്ട് ചെയ്തു.അതിനിടെ, ലോക്സഭാ തെരഞ്ഞെടുപ്പിലെ സീറ്റ് വിഭജന ചർച്ചകൾക്കും മുന്നണി തുടക്കംകുറിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിലായിരിക്കും സീറ്റ് വിഭജന ചർച്ച നടക്കുക. തർക്കങ്ങൾ ഉടലെടുത്താൽ ദേശീയനേതൃത്വം ഇടപെട്ട് പരിഹാരമുണ്ടാക്കും. തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുറാലികൾ നടത്താനും തീരുമാനമുണ്ട്. മധ്യപ്രദേശിലെ ഭോപ്പാലിൽ ഒക്ടോബറിലാണ് ആദ്യ റാലി പ്രഖ്യാപിച്ചിട്ടുള്ളത്.

# ഹരിയാന സംഘർഷം: കോൺഗ്രസ് എം.എൽ.എ അറസ്റ്റിൽ



ഡൽഹി: ഹരിയാനയിലെ നൂഹിലുണ്ടായ സംഘർഷത്തിൽ കോൺഗ്രസ് എംഎൽഎ അറസ്റ്റിൽ. ഫിറോസ്പൂർ ജിർക്ക എം.എൽ.എ മമ്മൻ ഖാനാണ് അറസ്റ്റിലായത്.

കഴിഞ്ഞ ആഴ്ച എംഎൽഎയെ പൊലീസ് ചോദ്യം ചെയ്തിരുന്നു. സംഘർഷം നടക്കുമ്പോൾ നൂഹിലുണ്ടായിരുന്നില്ലെന്ന് എംഎൽഎ പറഞ്ഞു.

വിശ്വഹിന്ദു പരിഷത്ത് (വി.എച്ച്.പി) യാത്രയെ തുടർന്നുണ്ടായ അക്രമത്തിൽ എം.എൽ.എയ്ക്ക് പങ്കുണ്ടെന്ന് തെളിയിക്കുന്ന വിവരങ്ങൾ ലഭിച്ചതായി ഹരിയാന പൊലീസ് അറിയിച്ചു. ഫോൺ കോൾ രേഖകളും മറ്റു തെളിവുകളും ഉണ്ടെന്നും പൊലീസ് പറഞ്ഞു.

അറസ്റ്റ് തടയണമെന്ന് ആവശ്യപ്പെട്ട് മമ്മൻ ഖാൻ ചൊവ്വാഴ്ച ഹരിയാന ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഒക്ടോബർ 19-ന് വാദം കേൾക്കാൻ മാറ്റി.

# ഗൾഫ് - കേരള കപ്പൽ സർവീസ്; ഡിസംബറിൽ സർവീസ് ആരംഭിക്കാൻ നീക്കം

കേന്ദ്രസർക്കാർ അനുമതി ലഭിച്ചാൽ ഈ വർഷം ഡിസംബറിൽ കേരളത്തിലേക്ക് ഗൾഫിൽ നിന്ന് കപ്പൽ സർവീസ് ആരംഭിക്കും. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഊർജിതമാക്കി. കൊച്ചി, ബേപ്പൂർ തുറമുഖങ്ങളിലേക്കായിരിക്കും ആദ്യസർവീസ്.

സംസ്ഥാന സർക്കാറുമായി സഹകരിച്ച് ഷാർജ ഇന്ത്യൻ അസോസിയേഷനാണ് കപ്പൽ സർവീസിന് നേതൃത്വം നൽകുന്നത്.

സീസൺ വേളയിലും മറ്റും നാട്ടിലേക്കുള്ള വിമാനനിരക്ക് കുത്തനെ ഉയരുന്ന സാഹചര്യത്തിൽ ബദൽ യാത്രാ സംവിധാനങ്ങൾ ഒരുക്കാനുള്ള സംസ്ഥാന സർക്കാർ ഇടപെടലാണ് കപ്പൽ സർവീസ്.

കുറഞ്ഞ നിരക്കിൽ നാട്ടിലെത്തി മടങ്ങാൻ സൗകര്യപ്രദമായ കപ്പൽ സർവീസ് എന്ന ആശയം യാഥാർഥ്യമാക്കാൻ തിരക്കിട്ട നീക്കങ്ങളാണ് ആരംഭിച്ചിരിക്കുന്നത്.

യു.എ.ഇയിൽ നിന്ന് കേരളത്തിലേക്ക് യാത്രാ കപ്പൽ സർവീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മലബാർ ഡെവലപ്പ്മെൻറ് കൗൺസിൽ ഭാരവാഹികളുടെ നേതൃത്വത്തിൽ കേന്ദ്രമന്ത്രി വി. മുരളധീരനെയും സംസ്ഥാന സർക്കാറിനെയും സമീപിച്ചതായി ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.വൈ.എ റഹീം പറഞ്ഞു. കേരളമുഖ്യമന്ത്രി സാമ്പത്തിക സഹായമടക്കം വാഗ്ദാനം ചെയ്തിട്ടുണ്ട്.

എന്നാൽ കേന്ദ്രാനുമതി ലഭിച്ചാലേ സർവീസ് ആരംഭിക്കാനാവൂ. ഇക്കാര്യത്തിൽ അനുകൂല പ്രതികരണം വൈകില്ലെന്നാണ് സൂചന. ഓരോ യാത്രക്കാരനും 10,000രൂപ മാത്രം ചിലവിൽ നാട്ടിലേക്കും തിരിച്ചും പോയിവരാൻ കപ്പൽ സർവീസ് യാഥാർഥ്യമായാൽ സാധിക്കുമെന്നാണ് വിലയിരുത്തൽ.

200കിലോ ഗ്രാം ലഗേജ് കൊണ്ടുപോകാൻ സൗകര്യമുണ്ടായിരിക്കും. മൂന്നു ദിവസത്തെ യാത്ര മികച്ച സൗകര്യങ്ങളുള്ള കപ്പലിൽ ഒരുക്കാനാകും. സ്കൂൾ അവധിക്കാലത്തും അല്ലാത്ത കാലങ്ങളിലും പ്രവാസികൾക്ക് ഉപകാരപ്പെടും. യു.എ.ഇക്കു പുറമെ മറ്റു ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾക്കും സർവീസ്ഉപകരിക്കും.


റൺവേയിൽ നിന്ന് തെന്നിമാറി അപകടത്തിൽപെട്ട വിമാനം

## അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ടവർക്ക് തിരഞ്ഞെടുപ്പിൽ ആജീവനാന്ത വിലക്ക് വേണം, കേസുകളിൽ മുന്നിൽ യുപി; അമികസ് ക്യൂറി റിപ്പോർട്ട്

അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ട പൊതുപ്രവർത്തകർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് ആജീവനാന്ത വിലക്ക് ഏർപ്പെടുത്തണമെന്ന് റിപ്പോർട്ട്. സുപ്രീംകോടതിയിലാണ് ഇക്കാര്യം പരാമർശിച്ച് അമികസ് ക്യൂറി റിപ്പോർട്ട് നൽകിയത്. മുതിർന്ന അഭിഭാഷകനായ വിജയ് ഹസാരികയാണ് സുപ്രീംകോടതിയിൽ അഭിപ്രായമറിയിച്ചത്. ശിക്ഷിക്കപ്പെട്ടവർ ആറ് വർഷത്തെ വിലക്കിന് ശേഷം മത്സരിക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന തുല്യതയ്ക്ക് വിരുദ്ധമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.നിയമനിർമ്മാണ സംഭാംഗത്വം പവിത്രമാണ്. കുറ്റം ചെയ്തവർ ആറ് വർഷത്തെ അയോഗ്യതയ്ക്ക് ശേഷം തൽസ്ഥാനം വഹിക്കുന്നത് ധാർമ്മികതയല്ല. അതിനാൽ സ്ഥിരം അയോഗ്യത പ്രഖ്യാപിക്കണമെന്നാണ് അമികസ് ക്യൂറി റിപ്പോർട്ടിൽ പറയുന്നത്. രാജ്യത്ത് നിലവിൽ 5175 കേസുകളാണ് നിയമസഭാ- പാർലമെന്റ് സാമാജികർക്കെതിരെ ഹൈക്കോടതികളിൽ കെട്ടിക്കിടക്കുന്നത്. മൊത്തം കേസുകളുടെ നാലിലൊന്ന് ശതമാനവും ഉത്തർപ്രദേശിലെ ജനപ്രതിനിധികളുടെ പേരിലുള്ളതാണ്.

കഴിഞ്ഞ വർഷം നവംബർ വരെയുള്ള കണക്കാണിത്. ഇതിൽ 2116 കേസുകൾ കോടതിയിലെത്തിയിട്ട് അഞ്ചു വർഷം കഴിഞ്ഞു. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന്റെ നിർദേശ പ്രകാരം ഹൈക്കോടതികൾ സമർപ്പിച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി അമിക്കസ് ക്യൂറിയാണ് പട്ടിക തയ്യാറാക്കിയത്.ഉത്തർ പ്രദേശിലെ ജനപ്രതിനിധികൾക്ക് എതിരെയുള്ള കേസുകളിൽ തീർപ്പാക്കാനുള്ളത് 1377 കേസുകളാണ്. ഇതിൽ 719 എണ്ണം അഞ്ചുവർഷത്തിന് മുകളിൽ പഴക്കമുള്ളതാണ്. രണ്ടാം സ്ഥാനത്ത് ബിഹാറും മൂന്നാമത് മഹാരാഷ്ട്രയുമാണ്. 546, 482 എന്നിങ്ങനെയാണ് യഥാക്രമം കണക്കുകൾ. ഒഡിഷയും കേരളവും തൊട്ടുപിന്നാലെയുണ്ട്. കേരളത്തിൽ നിന്നുള്ള ജനപ്രധികൾക്ക് എതിരെ 384 ക്രിമിനൽ കേസുകളാണ് തീർപ്പാക്കാതെ കിടക്കുന്നത്.

അഞ്ചുവർഷത്തിന് മുകളിൽ ആയുസുള്ള കേസുകൾ ഇതിൽ താരതമ്യേന കുറവാണ്. 22 സംസ്ഥാനങ്ങളിൽ നിന്നുള്ള 2,556 എംഎൽഎമാരും എംപിമാരും കേസുകളിൽ പ്രതികളാണെന്ന് കണക്കുകൾ കാണിക്കുന്നു. ഈ സംസ്ഥാനങ്ങളിലെ മുൻ എംപിമാരെയും എംഎൽഎമാരെയും കൂടി ഉൾപ്പെടുത്തിയാൽ എണ്ണം 4,442 ആയി ഉയരും.അതേസമയം പട്ടികയനുസരിച്ച് ത്രിപുര, അസം, സിക്കിം എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കേസുകളെല്ലാം തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ദാദ്ര നഗർ ഹവേലി, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും കേസുകളൊന്നും ബാക്കിയില്ല. ഇതിൽ ദാദ്ര നാഗർ ഹവേലി ഒഴികെയുള്ള പ്രദേശങ്ങളിൽ 2022 നവംബർ വരെ കേസുകളൊന്നും തീരുമാനമാകാതെ കിടന്നിട്ടില്ല.

അമിക്കസ് ക്യൂറി തയ്യാറാക്കിയ പട്ടികയിൽ 2018, 2021 എന്നീ വർഷങ്ങളിലെയും കേസുകളുടെ കണക്കുകളുണ്ട്. കഴിഞ്ഞ അഞ്ചു വർഷമായി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണത്തിന്റെ കാര്യത്തിലും മുൻപന്തിയിൽ ഉത്തർ പ്രദേശ് തന്നെയാണെന്നാണ് ഹൈക്കോടതി സുപ്രീംകോടതിയിൽ സമർപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നാന്നൂറിൽ താഴെ മാത്രമാണ് ഈ കണക്ക്.ഇക്കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു സുപ്രീംകോടതി മുതിർന്ന അഭിഭാഷകൻ വിജയ് ഹൻസാരിയയെ അമിക്കസ്ക്യൂറിയായി നിയമിച്ചത്. ബിജെപി നേതാവ് അശ്വനി കുമാർ ഉപാധ്യയ നൽകിയ ഹർജിയിലാണ് കോടതി അമികസ് ക്യൂറിയെ നിയോഗിച്ചത്. സെപ്തംബർ 15ന് കേസിൽ കോടതി വീണ്ടും വാദം കേൾക്കും.

# മുംബൈ വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ വിമാനം റൺവേയിൽ നിന്ന് തെന്നിമാറി തകർന്നു

മുംബൈ: മുംബൈ വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ ചെറു വിമാനം തകർന്നു. വിശാഖപട്ടണത്തിൽനിന്ന് വന്ന ലിയർജെറ്റ് വിമാനമാണ് റൺവേയിൽ നിന്ന് തെന്നിമാറി തകർന്നത്. കനത്ത മഴയെത്തുടർന്നാണ് അപകടമുണ്ടായത്. വ്യാഴാഴ്ച വൈകിട്ടോടെയാണ് അപകടം നടന്നത്. രണ്ടു ജീവനക്കാരും ആറു യാത്രക്കാരുമുൾപ്പെടെ എട്ടുപേരാണ് വിമാനത്തിലുണ്ടായിരുന്നത്.

അപകടത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റ രണ്ട് പൈലറ്റുമാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കനത്ത മഴയിൽ കാഴ്ച മറഞ്ഞതാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. വിമാനം റൺവേയിൽ ഇടിക്കുകയും പിന്നീട് ടാക്സി വഴിയിലേക്ക് തെന്നിമാറി തീപിടിക്കുകയും ചെയ്തു. ഇടിയുടെ ആഘാതത്തിൽ വിമാനത്തിന്റെ മുൻ ഭാഗം തകർന്നു. അപകടം നടന്ന ഉടൻ തീയണക്കാൻ സാധിച്ചതിനാൽ വലിയ ദുരന്തം ഒഴിവാകുകയായിരുന്നു. അപകടത്തെ തുടർന്ന് വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ തടസപ്പെട്ടു.

## യു.പിയിൽ അധ്യാപകന്റെ മർദനത്തിൽ ഒമ്പതാം ക്ലാസുകാരന്റെ കർണപടം പൊട്ടി

അമേത്തി: ഉത്തർപ്രദേശിൽ അധ്യാപകൻറെ മർദനത്തിൽ ഒമ്പതാം ക്ലാസ് വിദ്യാർഥിയുടെ കർണപടം പൊട്ടി. അമേത്തിയിലെ സർക്കാർ സ്കൂളിലെ വിദ്യാർഥിക്കാണ് ക്രൂരമർദനമേറ്റത്.

അധ്യാപകനായ ശിവ് ലാൽ ജയ്സ്വാൾ ആണ് മർദിച്ചത്.

അനിരുദ്ധ് എന്ന 13കാരനാണ് മർദനമേറ്റത്. സംഭവത്തിൽ കുട്ടിയുടെ അമ്മയുടെ പരാതിയിൽ ഇയാൾക്കെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്.

ഇംഗ്ലീഷ് ക്ലാസിനിടെ സംസാരിച്ചെന്ന് പറഞ്ഞ് അധ്യാപകൻ തന്റെ മകനെ മർദിക്കുകയായിരുന്നു എന്ന് അമ്മ റീന തിവാരി നൽകിയ പരാതിയിൽ പറയുന്നു.ചെവിയിൽ നിന്ന് രക്തം ഒലിച്ചിറങ്ങിയ ശേഷവും അധ്യാപകൻ കുട്ടിയെ തല്ലുന്നത് തുടർന്നു. നിലവിളിച്ചിട്ടും അടി നിർത്തിയില്ല.

കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ കർണപടം പൊട്ടിയതായി ഡോക്ടർ പറഞ്ഞു. കുട്ടിയുടെ കേൾവിശക്തി നഷ്ടപ്പെടാനും ചെവിയിൽ അണുബാധയ്ക്കും കാരണമാകുന്ന തരത്തിലുമുള്ള മർദനമാണ് ഉണ്ടായതെന്നും മാതാവ് പറഞ്ഞു.

അതേസമയം, അധ്യാപകനെതിരെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ, മറ്റ് അധ്യാപകർ, വിദ്യാർഥികൾ എന്നിവരുടെ മൊഴിയെടുത്ത ശേഷം തുടർനടപടികളിലേക്ക് കടക്കുമെന്നും അമേത്തി എസ്എച്ച്ഒ അരുൺ കുമാർ ദ്വിവേദി പറഞ്ഞു.



## സ്മിത്തും വാർണറും 'നെക്ക് ഗാർഡ്' ധരിക്കേണ്ടി വരും; നിയമം നിർബന്ധമാക്കി ക്രിക്കറ്റ് ഓസ്ട്രേലിയ

'നെക്ക് ഗാർഡ്' നിർബന്ധമാക്കി ക്രിക്കറ്റ് ഓസ്ട്രേലിയ. ഒക്ടോബർ 1 മുതൽ അന്താരാഷ്ട്ര, ആഭ്യന്തര കളിക്കാർ നിർബന്ധമായും 'നെക്ക് ഗാർഡ്' ധരിക്കണം. ഇതോടെ വെറ്ററൻ ബാറ്റ്സ്മാൻ സ്റ്റീവ് സ്മിത്തും ഡേവിഡ് വാർണറും 'നെക്ക് പ്രൊട്ടക്ടർ' അണിയേണ്ടി വരും. 2015-ൽ അവതരിപ്പിച്ചത് മുതൽ 'നെക്ക് ഗാർഡുകൾ' ഉപയോഗിക്കാൻ ഇരുവരും വിസമ്മതിച്ചിരുന്നു.

സെപ്തംബർ 7 ന് ദക്ഷിണാഫ്രിക്കയ്ക്കെതിരായ ആദ്യ ഏകദിനത്തിൽ ഓസ്ട്രേലിയൻ ഓൾറൗണ്ടർ കാമറൂൺ ഗ്രീനിന് പേസർ കഗിസോ റബാഡയുടെ ബൗൺസർ ബോളിൽ പരിക്കേറ്റതിനെ തുടർന്നാണ് തീരുമാനം. ആഭ്യന്തര, അന്തർദേശീയ ക്രിക്കറ്റിൽ ഫാസ്റ്റ്/മീഡിയം പേസ് ബൗളർമാരെ നേരിടുമ്പോൾ ഓസ്ട്രേലിയൻ കളിക്കാർ 'നെക് ഗാർഡ്' നിർബന്ധമായും ധരിക്കണമെന്ന് cricket.com.au റിപ്പോർട്ടിൽ പറയുന്നു.

ഇതിനായി 2023-24 വർഷത്തേക്കുള്ള വസ്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ചട്ടങ്ങളിൽ മാറ്റം വരുത്തുമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. അതേസമയം സ്പിന്നർമാരെ നേരിടുമ്പോൾ, കൂടാതെ വിക്കറ്റ് കീപ്പർമാർക്കും അടുത്ത ഫീൽഡർമാർക്കും ഈ നിയമം ബാധകമല്ല.

ഫിലിപ്പ് ഹ്യൂസിന്റെ ദാരുണമായ മരണത്തെത്തുടർന്ന് 2015-ൽ നെക്ക് പ്രൊട്ടക്ടറുകളുടെ ഉപയോഗം സിഎ ശുപാർശ ചെയ്തിരുന്നുവെങ്കിലും പല വെറ്ററൻ താരങ്ങളും ഇതിനോട് വിമുഖത കാണിച്ചിരുന്നു.

സിഎയുടെ ഈ തീരുമാനം ഡേവിഡ് വാർണർ, സ്റ്റീവ് സ്മിത്ത് തുടങ്ങിയ താരങ്ങളെ ബാധിക്കും. 'നെക്ക് ഗാർഡ്' ധരിക്കുന്നത് വളരെ അസ്വസ്ഥതയുണ്ടാക്കുമെന്ന് സ്മിത്ത് നേരത്തെ പറഞ്ഞിരുന്നു. താൻ ധരിക്കില്ല, ധരിക്കുകയുമില്ലെന്നാണ് 2016-ൽ വാർണർ നിലപാട് അറിയിച്ചത്. ഉസ്മാൻ ഖവാജയും നിലവിൽ ബാറ്റ് ചെയ്യുമ്പോൾ പ്രൊട്ടക്ടർ ധരിക്കാറില്ല.

# ആവേശപ്പോരിൽ പാകിസ്ഥാൻ വീണു, ഫൈനലിൽ ഇന്ത്യയുടെ എതിരാളി ശ്രീലങ്ക

കൊളംബോ: ഏഷ്യാകപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാനെ തകർത്ത് ശ്രീലങ്ക ഫൈനലിൽ. അവസാനപന്തുവരെ ആവേശം നീണ്ടു നിന്ന മത്സരത്തിൽ രണ്ടു വിക്കറ്റിനാണ് ശ്രീലങ്കയുടെ വിജയം. സ്കോർ: പാകിസ്ഥാൻ 42 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 252. ശ്രീലങ്ക42 ഓവറിൽ 8ന് 252. മഴകാരണം മത്സരം 42 ഓവറാക്കി ചുരുക്കിയിരുന്നു. പിന്നീട് ഡക്വർത്ത് ലൂയിസ് നിയമപ്രകാരം വിജയലക്ഷ്യം 252 റൺസായി നിശ്ചയിച്ചു. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യയും ശ്രീലങ്കയും ഏറ്റുമുട്ടും.

ടോസ് നേടിയ പാകിസ്ഥാൻ ബാറ്റിങ് തെരഞ്ഞെടുക്കുകയായിരുന്നു. 6ാം വിക്കറ്റിൽ ഒന്നിച്ച മുഹമ്മദ് റിസ്‌വാന്റേയും (86 നോട്ടൗട്ട്) ഇഫ്തിഖർ അഹമ്മദിന്റേയും (47) കൂട്ടുകെട്ടാണ് മികച്ച സ്കോറിലേക്ക് പാകിസ്ഥാനെ എത്തിച്ചത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്കയ്ക്ക് മികച്ച തുടക്കമായിരുന്നു. എന്നാൽ അവസാന ഓവറുകളിൽ പാക്ക് പേസർമാരുടെ ബോളിങ് ശ്രീലങ്കയ്ക്ക് വെല്ലുവിളിയാവുകയായിരുന്നു.

കുശാൽ മെൻഡിസിന്റെ ഉജ്വല ഇന്നിങ്സിൽ (91) ലങ്ക അനായാസം ജയത്തിലേക്കു മുന്നേറുന്നതിനിടെയാണ് പാക് ബോളർമാർ കളി തിരിച്ചത്. 36ാം ഓവറിലെ ആദ്യ പന്തിൽ മെൻഡിസിനെയും 37ാം ഓവറിൽ ദാസുൻ ശനകയെയും (2) ഇഫ്തിഖറിന്റെ ബോളിൽ വീണു. 41ാം ഓവറിൽ ധനഞ്ജയ ഡിസിൽവയെയും (5) ദുനിത് വെല്ലാലഗെയെയും (0) ഷഹീൻ ഷാ അഫ്രീദിയുടെ പുറത്താക്കിയതോടെ ശ്രീലങ്ക തോൽവി മണത്തു. ഇരട്ടപ്രഹരം. അവസാന ഓവറിൽ 2 വിക്കറ്റ് ശേഷിക്കെ ലങ്കയ്ക്കു ജയിക്കാൻ 8 റൺസാണ് വേണ്ടിയിരുന്നത്. 4ാം പന്തിൽ പ്രമോദ് മധുഷൻ (1) റണ്ണൗട്ടായി. അവസാന പന്തിൽ വിജയലക്ഷ്യം മറികടക്കുകയായിരുന്നു. അസലങ്ക 49 റൺസുമായി പുറത്താകാതെ നിന്നു. സദീര സമരവിക്രമ 48 റൺസെടുത്തു. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ശ്രീലങ്ക ഇന്ത്യയെ നേരിടും. ആർ.പ്രേമദാസ സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നിനാണ് മത്സരം.


പാകിസ്താനെതിരെയുള്ള വിജയ റൺ നേടിയ ശേഷം ശ്രീലങ്കൻ താരങ്ങളുടെ ആഹ്ലാദം

## ഒറ്റ രാത്രി കൊണ്ട് ഒന്നിൽ നിന്ന് മൂന്നിലേക്ക്! നാണം കെട്ട് പാക് ടീം, ഇന്ത്യ 2ൽ

ഏഷ്യാ കപ്പിന്റെ സൂപ്പർ ഫോറിൽ ശ്രീലങ്കയോടേറ്റ പരാജയം കാരണം ഇരട്ട പ്രഹരമാണ് പാകിസ്താൻ ടീമിനു നേരിട്ടിരിക്കുന്നത്. ആദ്യത്തേത് ഫൈനൽ ബെർത്ത് നഷ്ടമായതാണെങ്കിൽ അടുത്തത് ഐസിസി റാങ്കിങിലേറ്റ തിരിച്ചടിയാണ്. ഏകദിന റാങ്കിങിൽ ഒന്നാമതായിരുന്ന പാക് പട ഒറ്റ രാത്രി കൊണ്ട് മൂന്നാം നമ്പറിലേക്കു കൂപ്പുകുത്തിയിരിക്കുകയാണ്. റാങ്കിങിൽ രണ്ടു ടീമുകളാണ് പാകിസ്താനെ മറികടന്ന് മുന്നേറ്റം നടത്തിയിരിക്കുന്നത്.

നേരത്തേ രണ്ടാംസ്ഥാനത്തായിരുന്ന, അഞ്ചു തവണ ലോക ചാംപ്യൻമാരായ ഓസ്ട്രേലിയയാണ് പുതിയ നമ്പർ വൺ ടീം. മൂന്നാംസ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ ഒരു സ്ഥാനം മെച്ചപ്പെടുത്തി രണ്ടാം റാങ്കിലേക്കു കയറുകയും ചെയ്തു. 118 റേറ്റിങ് പോയിന്റുമായിട്ടാണ് ഓസ്ട്രേലിയ തല്ലപ്പത്തെത്തിയത്. ഇന്ത്യക്കു 116ഉം പാകിസ്താനു 115ഉം റേറ്റിങ് പോയിന്റാണുള്ളത്.

ലോക ക്രിക്കറ്റിൽ ടീം ഇന്ത്യയുടെ ആധിപത്യമാണ് നമുക്കു ഇപ്പോൾ കാണാൻ സാധിക്കുക. മൂന്നു ഫോർമാറ്റുകളിലും റാങ്കിങിൽ ആദ്യത്തെ രണ്ടു സ്ഥാനങ്ങളിലുള്ള ഒരേയൊരു ടീമായി ഇന്ത്യ മാറിയിരിക്കുകയാണ്. ടെസ്റ്റിലും ഏകദിനത്തിലും നിലവിൽ ലോകത്തിലെ നമ്പർ വൺ ടീമാണ് ഇന്ത്യ.

ഏകദിനത്തിലും വൈകാതെ ഒന്നാം റാങ്കിലേക്കു ടീം കയറുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഞായറാഴ്ച നടക്കാനിരിക്കുന്ന കലാശക്കളിയിൽ ശ്രീലങ്കയെ പരാജയപ്പെടുത്തി ഏഷ്യാ കപ്പിൽ ചാംപ്യൻമാരാവാൻ കഴിഞ്ഞാൽ ഏകദിനത്തിലും ഇന്ത്യ നമ്പർ വണ്ണായേക്കും. ടീമിന്റെ റാങ്കിങിൽ മാത്രമല്ല കളിക്കാരുടെ റാങ്കിങിലും ഇന്ത്യയുടെ ആധിപത്യമാണുള്ളത്.

ടി20യിലെ നമ്പർ വൺ ബാറ്റർ, ടെസ്റ്റിലെ നമ്പർ വൺ ബൗളർ, ടെസ്റ്റിലെ നമ്പർ വൺ ഓൾറൗണ്ടർ, ഏകദിനത്തിലെ രണ്ടാം നമ്പർ ബാറ്റർ, ടെസ്റ്റിലെ രണ്ടാം നമ്പർ ഓൾറൗണ്ടർ, ടി20യിലെ മൂന്നാം നമ്പർ ഓൾറൗണ്ടർ, ടെസ്റ്റിലെ മൂന്നാം നമ്പർ ബൗളർ, ടെസ്റ്റിലെ അഞ്ചാം നമ്പർ ഓൾറൗണ്ടർ തുടങ്ങിയവരെല്ലാം ഇന്ത്യൻ താരങ്ങളാണ്.

അതേസമയം, ഏഷ്യാ കപ്പിൽ ശ്രീലങ്കയുമായുള്ള സെമി ഫൈനലിനു തുല്യമായ നിർണായക മൽസത്തിൽ ഡെക്ക്‌വർത്ത് ലൂയിസ് നിയമപ്രകാരം രണ്ടു വിക്കറ്റിന്റെ പരാജയമാണ് പാകിസ്താൻ ഏറ്റുവാങ്ങിയത്. തോറ്റെങ്കിലും അവസാന ബോൾ വരെ പൊരുതിയാണ് കീഴടങ്ങിയത് എന്നതിൽ പാക് പടയ്ക്കു അഭിമാനിക്കാം. അവസാന ബോളിൽ ജയിക്കാൻ രണ്ടു റൺസായിരുന്നു ലങ്കയ്ക്കു വേണ്ടിയിരുന്നത്. സമാൻ ഖാനെതിരേ ഡബിൾ നേടി ചരിത് അസലെൻക ലങ്കയ്ക്കു ത്രസിപ്പിക്കുന്ന ജയവും ഫൈനൽ ടിക്കറ്റും സമ്മാനിക്കുകയയിരുന്നു.


## ഫിഫ ദ ബെസ്റ്റ്; മെസ്സി, ഹാളണ്ട്, എംബാപ്പെ ചുരുക്കപ്പട്ടികയിൽ, ലോകകപ്പ് പ്രകടനം പരിഗണിക്കില്ല

ഫിഫ ബെസ്റ്റ് പുരസ്കാരത്തിനുള്ള പട്ടികയായി. പോയ വർഷത്തെ മികച്ച പുരുഷ താരത്തെ കണ്ടെത്താനുള്ള പട്ടികയിൽ ലയണൽ മെസ്സി, എർലിങ് ഹാളണ്ട്, കിലിയൻ എംബാപ്പെ തുടങ്ങിയവരുണ്ട്. കഴിഞ്ഞ സീസണിൽ ട്രബിൾ നേടിയ മാഞ്ചെസ്റ്റർ സിറ്റിയുടെ അഞ്ച് താരങ്ങൾ പട്ടികയിലുണ്ട്. ഇത്തവണത്തെ യുവേഫയുടെ മികച്ച താരത്തിനുള്ള പുരസ്കാരം നേടിയ ഹാളണ്ട് തന്നെയാണ് സാധ്യതാ പട്ടികയിൽ മുന്നിൽ.

മികച്ച പുരുഷ താരത്തെ കണ്ടെത്താൻ കഴിഞ്ഞ ലോകകപ്പിലെ പ്രകടനം പരിഗണിക്കില്ല.

കഴിഞ്ഞ ഡിസംബർ 19 മുതൽ ഓഗസ്റ്റ് 20 വരെയുള്ള കാലയളവിലെ പ്രകടനമാണ് പുരസ്കാരത്തിന് പരിഗണിക്കുക. ഇതാണ് ഹാളണ്ടിന്റെ സാധ്യതകൾ വർധിപ്പിക്കുന്നത്. ഹാളണ്ടിന് പുറമെ കെവിൻ ഡി ബ്രൂയ്ൻ, ജൂലിയൻ അൽവാരസ്, ബെർണാഡോ സിൽവ, റോഡ്രി, സിറ്റിയുടെ ക്യാപ്റ്റനായിരുന്ന ഇൽകായ് ഗുണ്ടോഗൻ എന്നിവരും പട്ടികയിലുണ്ട്.

മികച്ച വനിതാ താരത്തെ കണ്ടെത്താനുള്ള പട്ടികയിൽ സൽമ പാരല്ലെലോ, ലോറൻ ജെയിംസ് എന്നിവർക്കൊപ്പം ഇത്തവണത്തെ യുവേഫയുടെ മികച്ച വനിതാ താരത്തിനുള്ള പുരസ്കാരം നേടിയ ഐറ്റാന ബോൺമാറ്റിയുമുണ്ട്. കഴിഞ്ഞ സീസണിൽ സിറ്റിയുടെ കുതിപ്പിന് ചുക്കാൻ പിടിച്ച പെപ് ഗ്വാർഡിയോള മികച്ച പുരുഷ പരിശീലകനുള്ള പട്ടികയിലുണ്ട്. ഒക്ടോബർ ആറ് വരെ ഓരോ വിഭാഗത്തിനും ആരാധകർക്ക് വോട്ട് ചെയ്യാം.



### പുരുഷ താരങ്ങളുടെ പട്ടിക

ജൂലിയൻ അൽവാരസ്, മാഴ്സെലോ ബ്രോസോവിച്ച്, കെവിൻ ഡി ബ്രൂയ്ൻ, ഇൽകായ് ഗുണ്ടോഗൻ, എർലിങ് ഹാളണ്ട്, റോഡ്രി, ഖ്വിച്ച ക്വാററ്റ്സ്ഖേലിയ, കിലിയൻ എംബാപ്പെ, ലയണൽ മെസ്സി, വിക്ടർ ഒസിംഹെൻ, ഡെക്ലാൻ റൈസ്, ബെർണാഡോ സിൽവ.

### വനിതാ താരങ്ങളുടെ പട്ടിക

ഐറ്റാന ബോൺമതി, ലിൻഡ കെയ്സെഡോ, റേച്ചൽ ഡാലി, കാഡിഡിയറ്റോ ഡയാനി, കെയ്റ്റ്ലിൻ ഫോർഡ്, മേരി ഫൗളർ, അലക്സ് ഗ്രീൻവുഡ്, ജെന്നി ഹെർമോസോ, ലിൻഡ്സെ ഹൊറാൻ, അമാൻഡ ഇലെസ്റ്റെഡ്, ലോറൻ ജെയിംസ്, സാം കെർ, മാപ്പി ലിയോൺ, ഹിനത മിയാസാവ, കെയ്റ വാൽഷ്, സൽമ പാരല്ലെലോ.

### മികച്ച ഗോൾകീപ്പർമാരുടെ പട്ടിക

യാസിൻ ബോനോ, തിബോ കുർട്വാ, എഡേഴ്സൺ, ആന്ദ്രേ ഒനാന, മാർക്ക് ആന്ദ്രേ ടെർസ്റ്റേഗൻ

### പുരുഷ പരിശീലകർ

പെപ് ഗ്വാർഡിയോള, സിമോൺ ഇൻസാഗി, ആംഗെ പോസ്റ്റെകോഗ്ലോ, ലൂസിയാനോ സ്പല്ലെറ്റി, സാവി.

## സ്കൊളാരി വരെ ജ്യോത്സനെ കണ്ടിട്ടുണ്ട്; സ്റ്റിമാച്ചിനെ പിന്തുണച്ച് ബൂട്ടിയ

കൊൽക്കത്ത: പ്ലേയിങ് ഇലവനെ തെരഞ്ഞെടുക്കാൻ ജ്യോത്സൻറെ ഉപദേശം തേടിയെന്ന ആരോപണത്തിൽ ഇന്ത്യൻ ഫുട്ബോൾ ടീം കോച്ച് ഇഗോർ സ്റ്റിമാച്ചിനെ പിന്തുണച്ച് ഇതിഹാസ താരം ബൈച്ചുങ് ബൂട്ടിയ. ഇത് ലോക ഫുട്ബോളിൽ പതിവാണെന്നും അഫ്രിക്കൻ, അമേരിക്കൻ, യൂറോപ്യൻ കോച്ചുമാർ വരെ ഇക്കാര്യം പിന്തുടർന്നു വരാറുണ്ടെന്നും ബൂട്ടിയ പറഞ്ഞു. ഇന്ത്യാ ടുഡേയോടാണ് മുൻ ഇന്ത്യൻ നായകന്റെ പ്രതികരണം.

'ഇത് പുതിയ കാര്യമല്ല. ബ്രസീലിയൻ കോച്ച് സ്കൊളാരി ഇത്തരം കാര്യങ്ങൾ ഒരുപാട് പിന്തുടരാറുണ്ടായിരുന്നു. ലോകത്ത് അറിയപ്പെട്ട ആഫ്രിക്കൻ, അമേരിക്കൻ, യൂറോപ്യൻ കോച്ചുമാർ ഇത് പിന്തുടരുന്നുണ്ട്. സൗത്ത് അമേരിക്കയിലും ആഫ്രിക്കൻ രാജ്യങ്ങളിലുമുണ്ട്. ഒരുപാട് ജ്യോത്സന്മാരെ അവർ പിന്തുടരുന്നു. സ്കൊളാരിയാണ് ഏറ്റവും വലിയ ഉദാഹരണം. ജ്യോത്സന്മാർ നൽകുന്ന നിർദേശപ്രകാരമാണ് അദ്ദേഹം ടീമിനെ തീരുമാനിക്കാറുള്ളത്'- ബൂട്ടിയ പറഞ്ഞു.



ഫുട്ബോളിലെ ചില വിശ്വാസങ്ങളെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു. 'ആഫ്രിക്കൻ ഫുട്ബോളിൽ ഹുഡോ പോലുള്ള ചില ആത്മീയ കാര്യങ്ങളുണ്ട്. കളിക്കു മുമ്പ് ഒരുപാട് കാര്യങ്ങൾ അത്തരം കാര്യങ്ങൾ പിന്തുടരാറുണ്ട്. കൊൽക്കത്തയിലുമുണ്ട് അത്തരം കാര്യങ്ങൾ. ഖാലിദ് ജമാൽ, സുഭാഷ് ഭൗമിക് തുടങ്ങിയ കോച്ചുമാർ എതിരാളികളുടെ ഗോൾപോസ്റ്റിൽ പൂക്കൾ വയ്ക്കാറുണ്ടായിരുന്നു.' - അദ്ദേഹം കൂട്ടിച്ചേർത്തു.

ഇത്തരം വിശ്വാസങ്ങൾക്കെല്ലാം അപ്പുറം ടീമിന്റെ പ്രകടനമാണ് വിലയിരുത്തേണ്ടതെന്ന് ബൂട്ടിയ പറഞ്ഞു. സീനിയർ ഫുട്ബോൾ ടീം പോസ്റ്റീവ് റിസൽട്ട് ഉണ്ടാക്കുന്നുണ്ട്. ത്രിരാഷ്ട്ര പരമ്പരയും ഇന്റർകോണ്ടിനന്റൽ കപ്പും സാഫ് കപ്പും ഇന്ത്യക്ക് നേടാനായി. കോച്ചിന്റെ ജോലി പ്രധാനമാണ്. അദ്ദേഹം ബസ് ഡ്രൈവറോടോ ജ്യോതിഷിയോടോ ഉപദേശം ചോദിക്കട്ടെ. തനിക്ക് ജ്യോതിഷത്തിൽ വിശ്വാസമില്ല. എന്നാൽ ഒരുപാട് പേർ വിശ്വസിക്കുന്നു. എന്തെങ്കിലും തെറ്റ് അദ്ദേഹം (ഇഗോർ സ്റ്റിമാച്) ചെയ്തോ എന്നാണ് നോക്കേണ്ടത്- അദ്ദേഹം കൂട്ടിച്ചേർത്തു.

എഎഫ്സി ഏഷ്യൻ കപ്പ് യോഗ്യതാ മത്സരത്തിൽ ടീമിനെ തെരഞ്ഞെടുക്കാൻ സ്റ്റിമാച് ജ്യോത്സ്യന്റെ സഹായം തേടി എന്ന റിപ്പോർട്ട് ഇന്ത്യൻ എക്സ്പ്രസാണ് കഴിഞ്ഞ ദിവസം റിപ്പോർട്ടു ചെയ്തത്. രണ്ടു മാസത്തെ സേവനത്തിനായി 12-15 ലക്ഷം രൂപയാണ് ജ്യോത്സന് നൽകിയത്.

## ജർമൻ ഫുട്ബാൾ താരം റോബർട്ട് ബോവർ ഇസ്‌ലാം സ്വീകരിച്ചു

ജർമൻ ഫുട്ബാൾ താരം റോബർട്ട് ബോവർ ഇസ്‌ലാം സ്വീകരിച്ചു. ഇൻസ്റ്റഗ്രാമിലൂടെയാണ് താരം ഇക്കാര്യം അറിയിച്ചത്.

നിസ്ക്കരിക്കുന്ന ഫോട്ടവും താരം ഇൻസ്റ്റയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇസ്‌ലാം സ്വീകരിക്കുന്നതിന് തനിക്ക് വഴികാട്ടിയായത് ഭാര്യയും കുടുംബവുമാണെന്നും അദ്ദേഹം കുറിച്ചു.

'ഇന്ന് എനിക്ക് സന്ദേശം അയക്കുന്ന എല്ലാവർക്കും വേണ്ടി, ഭാര്യയും അവരുടെ കുടുംബവുമാണ് ഇസ്‌ലാം മതം സ്വീകരിക്കുന്നതിന് വഴികാട്ടിയായത്. ഈ യാത്രയിൽ എന്നെ സഹായിച്ചതിനും പ്രോത്സാഹിപ്പിച്ചതിനും നിങ്ങളോട് ഞാൻ കടപ്പെട്ടിരിക്കുന്നു' ബോവർ ഇൻസ്റ്റഗ്രാമിൽ കുറിച്ചു.

നിലവിൽ സഊദി പ്രോ ലീഗ് ക്ലബായ അൽ തായി എഫ്.സിയുടെ താരമാണ് ഈ 28കാരൻ. സീസണിൽ ഒരു വർഷത്തെ കരാറിലാണ് താരം സഊദി ക്ലബിലെത്തുന്നത്.



2014 ഒക്ടോബർ 31ന് എഫ്.സി ഇൻഗോൾസ്റ്റാഡ് ക്ലബിലൂടെ താരം ബുണ്ടസ് ലീഗയിൽ അരങ്ങേറ്റം കുറിച്ചു. 2016 ആഗസ്റ്റിൽ വെർഡർ ബ്രെമെനിലേക്കും വർഷാവസാനം വായ്പാടിസ്ഥാനത്തിൽ എഫ്.സി ന്യൂറൻബർഗിലേക്കും കൂടുമാറി. പിന്നാലെ റഷ്യൻ ക്ലബ് എഫ്.സി ആഴ്സണൽ തുലയിലേക്കും 2021ൽ ബെൽജിയം ക്ലബ് സിന്റ് ട്രൂയിഡനിലേക്കും പോയി.

2015ൽ ന്യൂസിലൻഡിൽ നടന്ന ഫിഫ അണ്ടർ 20 ലോക കപ്പിലും 2016 ഒളിമ്പിക്സിലും കളിച്ച ജർമൻ ടീമിൽ അംഗമായിരുന്നു.

## ക്രൂഡ് ഓയിൽ വില കുതിക്കുന്നു: ബാരലിന് 94 ഡോളറായി

വിതരണം കുറഞ്ഞതും ഡിമാന്റ് വർധിച്ചതും അസംസ്കൃത എണ്ണവില പത്ത് മാസത്തെ ഉയർന്ന നിലവാരത്തിലെത്തിച്ചു. ബാരലിന് 94 ഡോളർ നിലവാരത്തിലാണ് ക്രൂഡ് ഓയിലിന്റെ വ്യാപാരം നടക്കുന്നത്.തുടർച്ചയായി മൂന്നാമത്തെ ആഴ്ചയാണ് വില കൂടുന്നത്. ഈയാഴ്ച മാത്രം മൂന്നു ശതമാനംവരെ വർധന രേഖപ്പെടുത്തി. ഓഗസ്റ്റിലാകട്ടെ 15 ശതമാനം കുതിപ്പാണുണ്ടായത്. ചൈനയിൽനിന്നുള്ള ഡിമാന്റിൽ വർധനവുണ്ടാകുമെന്ന വിലയിരുത്തലാണ് വർധനവിന് പിന്നിൽ.

വിതരണം കുറച്ച് ഡിമാന്റ് കൂട്ടാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ് പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടനയായ ഒപെക്. അന്താരാഷ്ട്ര ഊർജ ഏജൻസിയാകട്ടെ, വിപണിയിൽ എണ്ണ ലഭ്യതക്കുറവ് രൂക്ഷമാകുമെന്നും മുന്നറിയിപ്പ് നൽകുന്നു.നടപ്പ് വർഷത്തെ തുടക്കത്തിൽ ബാരലിന് 82 ഡോളർ നിലവാരത്തിലായിരുന്നു വില.

## 16കാരിയുമായി ലൈംഗിക ബന്ധം, ദൃശ്യങ്ങൾ പകർത്തി പ്രചരിപ്പിച്ചു; മൂന്ന് റയൽ മാഡ്രിഡ് താരങ്ങൾ അറസ്റ്റിൽ

മാഡ്രിഡ്: സ്പാനിഷ് ഫുട്ബോളിൽ വീണ്ടും ലൈംഗിക വിവാദം. സ്പാനിഷ് ലാ ലിഗ വമ്പൻമാരായ റയൽ മാഡ്രിഡിന്റെ മൂന്ന് യൂത്ത് താരങ്ങളെ പൊലീസ് അറസ്റ്റ് ചെയ്തു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുമൊത്ത് ലൈംഗിക ബന്ധത്തിലേർപ്പെടുകയും ദൃശ്യങ്ങൾ വാട്സ്ആപ്പ് വഴി പ്രചരിപ്പിക്കുകയും ചെയ്ത സംഭവത്തിലാണ് മൂന്ന് യുവ താരങ്ങളെ സ്പാനിഷ് പൊലീസ് അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ മൂന്ന് താരങ്ങളിൽ ഒരാളുമായാണ് 16കാരിയായ പെൺകുട്ടി ബന്ധത്തിലേർപ്പെട്ടത്. ഉഭയ സമ്മതത്തോടെയാണ് ലൈംഗിക ബന്ധമുണ്ടായത്. എന്നാൽ കുട്ടി അറിയാതെ ഇയാൾ ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി. ഇവ സഹതാരങ്ങൾക്ക് വാട്സ്ആപ്പ് വഴി അയച്ചു കൊടുക്കുകയായിരുന്നു.



കാനറി ദ്വീപിൽ നിന്നുള്ള വനിതയുടെ പരാതിയിലാണ് നടപടി. തന്റെ 16കാരിയായ മകളുടെ ലൈംഗിക ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്നതായി ചൂണ്ടിക്കാട്ടിയാണ് ഇവർ പൊലീസിനെ സമീപിച്ചത്. ഉഭയ സമ്മതപ്രകാരമാണ് ലൈംഗിക ബന്ധം ഉണ്ടായത്. എന്നാൽ കുട്ടി അറിയാതെയാണ് വീഡിയോ ദൃശ്യങ്ങൾ പകർത്തിയത് എന്നു പരാതിയിൽ പറയുന്നു.

താരങ്ങളെ കോടതിയിൽ ഹാജരാക്കിയ ശേഷം വിട്ടയച്ചു. ഇവരുടെ മൊബൈൽ ഫോണുകൾ പിടിച്ചെടുത്ത് ഡാറ്റ നശിപ്പിച്ചതായും പൊലീസ് വ്യക്തമാക്കി.

## 'വില്ലൻ റോളിൽ മഴ'- ഇന്ത്യക്ക് പരിശീലന ലാഘവം, ആശ്വാസം തേടി ബംഗ്ലാദേശ്

കൊളംബോ: ഏഷ്യാ കപ്പ് സൂപ്പർ ഫോറിലെ അവസാന പോരാട്ടത്തിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ഇന്ത്യ ഫൈനലുറപ്പിച്ച് ഇറങ്ങുമ്പോൾ ബംഗ്ലാദേശ് ആശ്വാസ വിജയം തേടിയാണ് വരുന്നത്. മത്സരഫലത്തിന് വലിയ പ്രാധാന്യമില്ലെന്നു ചുരുക്കം. ടൂർണമെന്റിലുടനീളം പ്രധാന വില്ലനായി അവതരിച്ച മഴ ഈ മത്സരത്തിനേയും ആശങ്കയിൽ തന്നെ നിർത്തുന്നു. കൊളംബോയിൽ പ്രേമദാസ സ്റ്റേഡിയത്തിലാണ് പോരാട്ടം.

ബാറ്റിങിനു അനുകൂല പിച്ചാണ് പ്രേമദാസയിലേത്. മത്സരം പുരോഗമിക്കും തോറും സ്പിന്നർമാർക്കും ഗുണം കിട്ടും.

ഇന്ത്യയെ സംബന്ധിച്ച് ഫൈനലിനു മുൻപ് സുപ്രധാന താരങ്ങൾക്ക് വിശ്രമം അനുവദിക്കാനും ബെഞ്ച് സട്രെങ്ത് പരീക്ഷിക്കാനുമുള്ള അവസരമാണിത്. ലോകകപ്പിനു മുൻപ് ആത്മവിശ്വാസം വീണ്ടെടുക്കാൻ ഇന്ത്യക്കെതിരെ വിജയിക്കുകയാണ് ബംഗ്ലാ ടീം ലക്ഷ്യമിടുന്നത്. 17 ഞായറാഴ്ചയാണ് ഏഷ്യാ കപ്പ് കിരീട പോരാട്ടം. ആതിഥേയരായ ശ്രീലങ്കയും ഇന്ത്യയും തമ്മിലാണ് കലാശപ്പോരാട്ടം.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.